20
2026
നവംബർ
വെള്ളി
വൃശ്ചികം 04

NAUTICAL TIMES
KERALA

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391



തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 216 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-216 പേജ് 4. വില 2.00 രൂപ

02 സാക്ഷികളെ കോടതിയിൽ എത്തിക്കുന്നതാണ് കണ്ണൂരിലെ പ്രധാനപ്പെട്ട വെല്ലുവിളി: കെ. എം. ഷാജി

03 ഡോക്ടറെ ആക്രമിച്ച കേസ്; അതുല്യ ചന്ദ്ര ഉൾപ്പെടെ മൂന്ന് പ്രതികൾക്കും ജാമ്യം

04 ജനവാസമേഖലയിൽ കാട്ടാനക്കൂട്ടം; എംഎൽഎയ്ക്ക് നേരെ നാട്ടുകാരുടെ പ്രതിഷേധം

വിഴിഞ്ഞം തുറമുഖം

സമഗ്ര എക്സിം - മാരിടൈം സേവന കേന്ദ്രമാക്കും

സമുദ്രസേവനങ്ങൾ, ലോജിസ്റ്റിക്സ് മേഖലകൾക്കാണ് പ്രധാന പരിഗണന



തിരുവനന്തപുരം : വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ സമഗ്രമായ കയറ്റുമതി-ഇറക്കുമതി (എക്സിം), മാരിടൈം സേവന കേന്ദ്രമായി വികസിപ്പിക്കുന്നതിനും വ്യാപാരവുമായി ബന്ധപ്പെട്ട സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ ചർച്ച ചെയ്യുന്നതിനായി വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡും ട്രിവാൻഡ്രം ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയും സംയുക്തമായി വ്യാപാര സൗകര്യവത്കരണ യോഗം സംഘടിപ്പിച്ചു. ബുധനാഴ്ച തിരുവനന്തപുരത്തെ മാസ്കറ്റ് ഹോട്ടലിൽ നടന്ന യോഗത്തിൽ വിവിധ സർക്കാർ ഏജൻസികൾ, തുറമുഖ നടത്തിപ്പുകാർ, ഷിപ്പിംഗ് കമ്പനികൾ, വ്യവസായ-വ്യാപാര മേഖലയിലെ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

കസ്റ്റംസ്, ഇമിഗ്രേഷൻ, ഷിപ്പിംഗ് കമ്പനികൾ, തുറമുഖ നടത്തിപ്പുകാർ, വ്യാപാര സമൂഹം എന്നിവയുടെ സജീവ പങ്കാളിത്തവും ഏകോപനവും ഉറപ്പാക്കി വിഴിഞ്ഞത്തെ സമഗ്രമായ എക്സിം-മാരിടൈം സേവന കേന്ദ്രമാക്കി വികസിപ്പിക്കുന്നതിനുള്ള കൂട്ടായ പ്രവർത്തനങ്ങൾക്കാണ് യോഗം പ്രാധാന്യം നൽകിയത്. ഇന്ത്യൻ കസ്റ്റംസ്, ബ്യൂറോ ഓഫ് ഇമിഗ്രേഷൻ, അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് , പ്രമുഖ ഷിപ്പിംഗ് കമ്പനികൾ തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രതിനിധികൾ തുറമുഖവുമായി ബന്ധപ്പെട്ട വികസനസാധ്യതകളും പ്രവർത്തനപരമായ ആവശ്യകതകളും സംബന്ധിച്ച അഭിപ്രായങ്ങൾ പങ്കുവെച്ചു.

യോഗത്തിൽ സംസാരിച്ച തുറമുഖ വകുപ്പ് സെക്രട്ടറി ഡോ. രത്തൻ യു. കേൽക്കർഐഎഎസ്, സമുദ്രസേവനങ്ങൾ, എക്സിം പ്രവർത്തനങ്ങൾ, ലോജിസ്റ്റിക്സ് എന്നീ മൂന്ന് മേഖലകൾക്കാണ് മാരിടൈം മേഖലയുടെ വികസനത്തിൽ പ്രധാന പരിഗണന നൽകേണ്ടതെന്ന് വ്യക്തമാക്കി. തിരുവനന്തപുരം മുതൽ ബേക്കൽ വരെയുള്ള ജലാശയങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് സംസ്ഥാനത്തെ ലഭ്യമായ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതിന്റെ പ്രാധാന്യവും അദ്ദേഹം ചൂണ്ടിക്കാട്ടി.

കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുമായ ശ്രീ. ജെറോമിക് ജോർജ് ഐഎഎസ്, വിഴിഞ്ഞത്തിന് ചുറ്റുമായി ഒരു പോർട്ട് ലോജിസ്റ്റിക്സ് സിറ്റി വികസിപ്പിക്കുകയെന്ന ആശയം മുന്നോട്ടുവച്ചു. അന്താരാഷ്ട്ര വ്യാപാരത്തിന്റെ പ്രധാന കവാടമായി വിഴിഞ്ഞത്തെ ഉയർത്തുന്നതിനൊപ്പം കോവളം വിഴിഞ്ഞം, കൊല്ലം തുറമുഖങ്ങളിൽ അനുബന്ധ മാരിടൈം, ലോജിസ്റ്റിക്സ് അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഭാവി പദ്ധതികളെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു.

കസ്റ്റംസ്, ഇമിഗ്രേഷൻ നടപടിക്രമങ്ങൾ, ഷിപ്പിംഗ് അനുബന്ധ സേവനങ്ങൾ, ലോജിസ്റ്റിക്സ് പിന്തുണ, സമുദ്രസേവനങ്ങൾ തുടങ്ങിയ മേഖലകളിലെ വ്യാപാര സൗകര്യവത്കരണവും സർക്കാർ ഏജൻസികളും സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങളും തമ്മിലുള്ള ഫലപ്രദമായ ഏകോപനത്തിന്റെ ആവശ്യകതയും യോഗം ചർച്ച ചെയ്തു.

കൂടുതൽ പങ്കാളികളെ ഉൾപ്പെടുത്തി തുടർച്ചയായ ആശയവിനിമയവും സഹകരണവും ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഇത്തരം വ്യാപാര സൗകര്യവത്കരണ യോഗങ്ങൾ ഇനി മുതൽ മൂന്ന് മാസത്തിലൊരിക്കൽ സംഘടിപ്പിക്കാനും തീരുമാനിച്ചു.

അഡീഷണൽ കമ്മീഷണർ ഓഫ് കസ്റ്റംസ് ശ്രീമതി ഗായത്രി പി.ജി., തിരുവനന്തപുരം ഫോറിൻ റീജിയണൽ രജിസ്ട്രേഷൻ ഓഫീസർ ശ്രീമതി സ്വാതി എസ്. കുമാർ, അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് പ്രതിനിധി ക്യാപ്റ്റൻ ഗിരീഷ് ചന്ദ്ര, മെഡിറ്റേറനിയൻ ഷിപ്പിംഗ് കമ്പനിയുടെ സീനിയർ വൈസ് പ്രസിഡന്റ് ശ്രീ. കൃഷ്ണകുമാർ നാഗരാജൻ, ട്രിവാൻഡ്രം ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി പ്രസിഡന്റ് ശ്രീ. രഘു ചന്ദ്രൻ നായർ, സെക്രട്ടറി ശ്രീ. എബ്രഹാം തോമസ്, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ആദ്യ കയറ്റുമതി-ഇറക്കുമതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കസ്റ്റംസ് ഹൗസ് ഏജന്റുമാരുടെ പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

അരിയിൽ ഷുക്കൂർ വധക്കേസ്: ഏഴ് പ്രതികൾക്ക് ജീവപര്യന്തം

കൊച്ചി: അരിയിൽ ഷുക്കൂർ വധക്കേസിൽ ഏഴ് പ്രതികൾക്ക് ജീവപര്യന്തം തടവുശിക്ഷ. എറണാകുളത്തെ പ്രത്യേക സിബിഐ കോടതിയാണ് നിർണായക വിധിപ്രഖ്യാപിച്ചത്. കേസിൽ പതുമൂന്ന് പ്രതികൾ കുറ്റക്കാരെന്ന് കോടതി കണ്ടെത്തിയിരുന്നു. ഒന്നാം പ്രതി കെ. വി. സുമേഷ് ഉൾപ്പെടെയുള്ള ഏഴ് പേർക്കാണ് കൊലപാതകത്തിൽ നേരിട്ട് പങ്കുണ്ടെന്ന് കണ്ടെത്തി ജീവപര്യന്തം ശിക്ഷ വിധിച്ചത്.

സുമേഷിനെ കൂടാതെ മൂന്നാം പ്രതി അനൂപ്, ഏഴാം പ്രതി പവിത്രൻ, ഒമ്പതാം പ്രതി പി. വി. മനോഹരൻ, പത്താം പ്രതി എം. പി. ദിനേശൻ എന്ന മൈന ദിനേശൻ, പന്ത്രണ്ടാം പ്രതി ബിജുമോൻ, പതിനഞ്ചാം പ്രതി ഷിജിൻ മോഹൻ എന്നിവർക്കാണ് ജീവപര്യന്തം വിധിച്ചത്. ബാക്കി ആറു പ്രതികൾക്ക് ജാമ്യം അനുവദിച്ചു.

മൂന്ന് വർഷത്തിൽ താഴെ ശിക്ഷ ലഭിച്ച പതിനാലാം പ്രതി രാധാകൃഷ്ണൻ, പതിനാറാം പ്രതി സജിത്, ഇരുപത്തിയഞ്ചാം പ്രതി വി. വി. മോഹനൻ, ഇരുപത്തിയാറാം പ്രതി പുരുഷോത്തമൻ, ഇരുപത്തിയേഴാം പ്രതി അജിത് കുമാർ, ഇരുപത്തിയെട്ടാം പ്രതി പി. പി. സുരേശൻ എന്നിവർക്ക് കോടതി ജാമ്യം അനുവദിക്കുകയും ചെയ്തു. അതേസമയം സിപിഎം നേതാക്കളായ പി. ജയരാജനും ടി. വി രാജേഷും അടക്കം 18 പേരെ വെറുതെ വിട്ടു.

2012 ഫെബ്രുവരി 12നാണ് തളിപ്പറമ്പിലെ ചുള്ളിയോട് വയലിൽവെച്ച് ഷുക്കൂറിനെ കൊലപ്പെടുത്തിയത്. സിപിഎം കണ്ണൂർ ജില്ലാ സെക്രട്ടറിയായിരുന്ന പി. ജയരാജന്റെ വാഹനവ്യൂഹം തടഞ്ഞ് നിർത്തി ആക്രമിച്ചുവെന്ന് ആരോപിച്ച് കണ്ണൂർ അരിയിലെ എംഎസ്എഫ് പ്രവർത്തകൻ അബ്ദുൽ ഷുക്കൂറിനെ പരസ്യവിചാരണ ചെയ്ത് കൊലപ്പെടുത്തിയെന്നാണ് കേസ്. അതേസമയം വിധിക്കെതിരെ അപ്പീൽ നൽകുമെന്ന് മന്ത്രിയും ലീഗ് നേതാവുമായ പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞു.

ബിജെപിയോട് 'ഗുഡ്ബൈ' പറഞ്ഞ് പത്മജ

തൃശൂർ: പത്മജ വേണുഗോപാൽ ബിജെപി അംഗത്വം രാജിവച്ചു. ബിജെപിയിൽ ചേർന്നത് തെറ്റായ തീരുമാനമായിരുന്നുവെന്നും ആ തെറ്റ് ഇപ്പോൾ തിരുത്തുകയാണെന്നും അവർ പ്രതികരിച്ചു. പാർട്ടി നേതൃത്വത്തിന് രാജിക്കത്തും സമർപ്പിച്ചു. ബിജെപിയുടെ ആശയങ്ങൾ പഠിക്കാതെ എടുത്തുചാടുകയായിരുന്നു. തൻറെ തീരുമാനം ആദ്യം അറിയിച്ചത് കെ. മുരളീധരനെയാണെന്നും പദവി കിട്ടാത്തതിനാലല്ല രാജിയെന്നും പത്മജ പറഞ്ഞു. ബിജെപി വാഗ്ദാനമൊന്നും നൽകിയിരുന്നില്ല.

ഞാനൊന്നും ആവശ്യപ്പെട്ടിട്ടുമില്ല. യുഡിഎഫ് അധികാരത്തിൽ വരുമെന്ന് അറിയാമായിരുന്നു. കോൺഗ്രസിൽ ചേരുന്നതിൽ തീരുമാനം എടുത്തിട്ടില്ല. കോൺഗ്രസിലെ പദവി കണ്ടല്ല രാജിയെന്നും ആരുമായും തർക്കത്തിനില്ലെന്നും പത്മജ പറഞ്ഞു. മുതിർന്ന കോൺഗ്രസ് നേതാവും മുൻ മുഖ്യമന്ത്രിയുമായ കെ. കരുണാകരൻറെ മകളും കെ. മുരളീധരൻറെ സഹോദരിയുമായ പത്മജ 2024 മാർച്ചിലാണ് കോൺഗ്രസ് വിട്ട് ബിജെപിയിൽ ചേർന്നത്.

ഡൽഹിയിലെ ബിജെപി ആസ്ഥാനത്ത് മുതിർന്ന നേതാവ് പ്രകാശ് ജാവദേക്കറിൽനിന്നായിരുന്നു അംഗത്വം സ്വീകരിച്ചത്. ബിജെപിയിൽ ചേർന്ന് രണ്ടര വർഷത്തോളം പിന്നിടുമ്പോഴാണ് പാർട്ടിയുമായുള്ള ബന്ധം അവസാനിപ്പിക്കാനുള്ള പത്മജയുടെ തീരുമാനം. കോൺഗ്രസിൽ അർഹമായ പരിഗണന ലഭിക്കുന്നില്ലെന്ന ആരോപണം ഉന്നയിച്ചായിരുന്നു പത്മജയുടെ പാർട്ടി മാറ്റം. കെപിസിസി, എഐസിസി ഭാരവാഹിത്വങ്ങൾ ഉൾപ്പെടെ വഹിച്ചിട്ടുള്ള പത്മജ പാർട്ടിക്കുള്ളിലെ അവഗണനയിൽ അതൃപ്തി പ്രകടിപ്പിച്ചാണ് കോൺഗ്രസ് വിട്ടത്. 2016ലും 2021ലും നടന്ന നിയമസഭാ തെരഞ്ഞെടുപ്പുകളിൽ തൃശൂരിൽനിന്ന് കോൺഗ്രസ് സ്ഥാനാർഥിയായും 2026ൽ ബിജെപി സ്ഥാനാർഥിയായി മത്സരിച്ചെങ്കിലും വിജയിക്കാനായില്ല. 2004ൽ മുകുന്ദപുരം ലോക്സഭാ മണ്ഡലത്തിൽ മത്സരിച്ചപ്പോഴും പരാജയമായിരുന്നു ഫലം.

കോൺഗ്രസിലായിരിക്കെ കെടിഡിസി മുൻ ചെയർപേഴ്സൺ, ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ, ഐഎൻടിയുസി വർക്കിംഗ് കമ്മിറ്റി അംഗം തുടങ്ങി വിവിധ ചുമതലകൾ പത്മജ വഹിച്ചിട്ടുണ്ട്. പ്രിയദർശിനി സ്റ്റഡി സെൻറർ, എച്ച്. എം. ടി എംപ്ലോയീസ് യൂണിയൻ, തഴപ്പായ എംപ്ലോയീസ് യൂണിയൻ, ടെക്നിക്കൽ എജ്യുക്കേഷണൽ സൊസൈറ്റി ഓഫ് ഇന്ത്യ തുടങ്ങിയ സംഘടനകളിലും ഭാരവാഹിയായിരുന്നു.

മുഖ്യമന്ത്രിക്ക് നന്ദി അറിയിച്ച് വിദർശ : നിയമന ഉത്തരവ് ഏറ്റുവാങ്ങി


മുഖ്യമന്ത്രി വി ഡി സതീശന് ഹൃദയം നിറഞ്ഞ നന്ദി അറിയിച്ച് ഷൂട്ടിങ് താരം വിദർശ കെ വിനോദ്. കായിക ഡയറക്ടറേറ്റിൽ അസിസ്റ്റന്റ് ഡയറക്ടർ ആയി ജോലിയിൽ പ്രവേശിക്കുന്ന വിദർശ മുഖ്യമന്ത്രിയിൽ നിന്ന് നിയമന ഉത്തരവ് ഏറ്റുവാങ്ങി. കായിക വകുപ്പ് മന്ത്രി ഒ ജെ ജനീഷ് സന്നിഹിതനായിരുന്നു.

ഏഷ്യൻ ഗെയിംസ് മെഡൽ ജേതാക്കൾക്ക് കായിക വകുപ്പിൽ ജോലി നൽകുമെന്ന് മന്ത്രി ഒ ജെ ജനീഷ് പ്രഖ്യാപിച്ചിരുന്നു. നവംബർ ഒന്നിന് കേരളപ്പിറവി ദിനത്തിൽ ഉത്തരവ് കൈമാറാനായിരുന്നു തീരുമാനമെങ്കിലും ടൂർണമെന്റിൽ പങ്കെടുക്കാനായി വിദർശ വിദേശത്ത് ആയിരുന്നു. ജപ്പാൻ ഏഷ്യൻ ഗെയിംസ് ഷൂട്ടിങ്ങിൽ വിദർശ ഇരട്ട വെള്ളി മെഡൽ നേടിയിരുന്നു. വനിതകളുടെ 10 മീറ്റർ എയർ റൈഫിൾ ടീം ഇനത്തിലും 50 മീറ്റർ റൈഫിൾ ത്രീ പൊസിഷനിലുമായിരുന്നു ചരിത്ര നേട്ടം. ഏഷ്യൻ ഗെയിംസ് ഷൂട്ടിങ്ങിൽ മെഡൽ നേടുന്ന ആദ്യ മലയാളിയായ വിദർശ കോഴിക്കോട് തിരുവമ്പാടി സ്വദേശിനിയാണ്.

മുഖ്യമന്ത്രിയുടെ ചേംബറിൽ നടന്ന ചടങ്ങിൽ സികെ കാസിം എംഎൽഎ, പൊതുഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബി അശോക്, കായികവകുപ്പ് ഡയറക്ടർ അഖിൽ വി മേനോൻ, വിദർശയുടെ ഭർത്താവും ഷൂട്ടിംഗ് താരവുമായ മനു, കുടുംബാംഗങ്ങൾ എന്നിവർ പങ്കെടുത്തു.



മുഖ്യമന്ത്രി വി ഡി സതീശൻ കായിക ഡയറക്ടറേറ്റിൽ അസിസ്റ്റന്റ് ഡയറക്ടർ ആയി ജോലിയിൽ പ്രവേശിക്കുന്ന വിദർശ കെ വിനോദിന് നിയമന ഉത്തരവ് കൈമാറുന്നു. മന്ത്രി ഒ ജെ ജനീഷ് സമീപം.



കൊച്ചിയിലെയും തിരുവനന്തപുരത്തെയും വായുമലിനീകരണം ആശങ്കാജനകമോ പഠിക്കാൻ വിദഗ്ധ സമിതി

കോഴിക്കോട്: രാജ്യത്തുടനീളം വായുനിലവാരം മോശമാകുന്ന സാഹചര്യത്തിൽ അതിവേഗം നഗരവത്ക്കരണം നടക്കുന്ന കൊച്ചിയിലെയും തിരുവനന്തപുരത്തെയും മലിനീകരണവും വിവിധ സ്രോതസുകളിൽ നിന്നുള്ള വായു ഗുണനിലവാര സൂചിക വിവരങ്ങളിലെ വൈരുധ്യവും പഠിക്കാൻ സർക്കാർ. ഇതുസംബന്ധിച്ച് രൂപവത്കരിച്ച വിദഗ്ധസമിതി രണ്ടാഴ്ചയ്ക്കകം സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കും.

ന്യൂഡൽഹി സെൻറർ ഫോർ എയർ ക്വാളിറ്റി റിസർച്ച്, ദി എനർജി ആൻഡ് റിസോഴ്സസ് ഇൻസ്റ്റിറ്റ്യൂട്ട് സീനിയർ ഫെലോ-കൺവീനർ സുരേഷ് രാമസുബ്രഹ്മണ്യ അയ്യർ, കാലിക്കട്ട് എൻഐടി സിവിൽ എൻജിനീയറിംഗ് വിഭാഗം പ്രഫസർ ഡോ. ജോർജ് കെ. വർഗീസ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർപേഴ്സൺ എന്നിവരാണ് പഠനം നടത്തുക.

കേന്ദ്ര-സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകൾ, മറ്റ് ഔദ്യോഗിക നിരീക്ഷണ സംവിധാനങ്ങൾ, ഉപഗ്രഹങ്ങൾ, സ്വകാര്യ സെൻസറുകൾ എന്നിവ നൽകുന്ന കണക്കുകളിലെ വ്യത്യാസത്തിൻറെ കാരണം കണ്ടെത്തേണ്ടത് വിദഗ്ധ സമിതിയുടെ ചുമതലയാണ്.

യുഎസ് എയർ ക്വാളിറ്റി ഇൻഡെക്സ്, ഇന്ത്യൻ നാഷണൽ എയർ ക്വാളിറ്റി ഇൻഡെക്സ് എന്നീ നിരീക്ഷണ രീതികളുടെ വ്യത്യാസം, സ്വകാര്യ സെൻസറുകളുടെ ഉപയോഗം എന്നിവയാണ് കൊച്ചിയിലെയും തിരുവനന്തപുരത്തെയും വായു ഗുണനിലവാര സൂചിക കണക്കുകളിൽ വിവിധ സ്രോതസുകൾ തമ്മിൽ വലിയ പൊരുത്തക്കേടുകൾ ഉണ്ടാകാൻ പ്രധാന കാരണമെന്നാണ് പ്രാഥമിക വിലയിരുത്തൽ.

വിവിധ ഏജൻസികൾ വായു മലിനീകരണം അളക്കാൻ വ്യത്യസ്ത മാനദണ്ഡങ്ങളാണ് ഉപയോഗിക്കുന്നത്. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും 24 മണിക്കൂറിലെ ശരാശരി മലിനീകരണ തോതാണ് പ്രധാനമായും പരിഗണിക്കുന്നത്. എന്നാൽ

അന്താരാഷ്ട്ര പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കുന്നത് യുഎസ് മാനദണ്ഡമാണ്. ഇതിൽ ഓരോ മണിക്കൂറിലെയും തത്സമയ വ്യതിയാനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകും. തൻമൂലം ഒരേ അളവിലുള്ള പൊടിപടലങ്ങൾക്ക് ഇന്ത്യൻ സ്കെയിലിനേക്കാൾ ഉയർന്ന സംഖ്യയായിരിക്കും യുഎസ് സ്കെയിലിൽ കാണിക്കുക.

ഒരു നഗരത്തിലെ മുഴുവൻ വായു ഗുണനിലവാരത്തെയും പ്രതിനിധീകരിക്കാൻ ഒന്നോ രണ്ടോ സ്റ്റേഷനുകൾക്ക് കഴിയാത്തും കണക്കുകൾ വ്യത്യാസപ്പെടാൻ കാരണമാകുന്നുണ്ട്. കൊച്ചിയിലെ വിവിധ ഇടങ്ങളിലെ വായു നിലവാരം വ്യത്യസ്തമാണ്. ഗതാഗതക്കുരുക്കുള്ള വൈറ്റിലയിലെയോ വ്യവസായ മേഖലയായ ഏലൂരിലയോ കണക്കുകൾ മാത്രമെടുക്കുന്ന സ്രോതസുകൾ കൊച്ചിയിൽ അതീവ ഗുരുതരമായ മലിനീകരണമാണ് (170ന് മുകളിൽ) രേഖപ്പെടുത്തുക.

മറ്റ് ഭാഗങ്ങളിലെ ശരാശരി എടുക്കുന്നവ 70-100 എന്ന മിതമായ നിരക്കാണ് കാണിക്കുക. തിരുവനന്തപുരത്ത് പ്ലാമൂട്, കാര്യവട്ടം തുടങ്ങിയ സ്ഥലങ്ങളിലാണ് പ്രധാനമായും നിരീക്ഷണ സംവിധാനങ്ങളുള്ളത്. തിരക്കേറിയ നഗരമധ്യത്തിലെ കണക്കുകളും താരതമ്യേന പച്ചപ്പുള്ള പ്രദേശങ്ങളിലെ കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ടാകാറുണ്ട്.

കൊച്ചിയും തിരുവനന്തപുരവും തീരദേശ നഗരങ്ങളായതിനാൽ അന്തരീക്ഷത്തിലെ ഈർപ്പം വളരെ കൂടുതലാണ്.

ഉയർന്ന ഈർപ്പമുള്ളപ്പോൾ അന്തരീക്ഷത്തിലെ ജലകണികകളെ പൊടിപടലങ്ങളായി തെറ്റിദ്ധരിച്ച് ചില ഓപ്റ്റിക്കൽ സെൻസറുകൾ ഉയർന്ന മലിനീകരണ തോത് രേഖപ്പെടുത്താറുണ്ട്. കൂടാതെ കടൽക്കാറ്റും കരക്കാറ്റും മാറുന്നതിനനുസരിച്ച് ഓരോ മണിക്കൂറിലും മലിനീകരണ തോതിൽ വലിയ വ്യത്യാസങ്ങൾ വരാറുണ്ട്. ഇക്കാര്യങ്ങളെല്ലാം ശാസ്ത്രീയമായി പഠിച്ച് മലിനീകരണ നിയന്ത്രണ ബോർഡിന് ഒരൊറ്റ റഫറൻസ് ശിപാർശ ചെയ്യുകയുമാണ് സമിതിയുടെ ദൗത്യം.



സ്റ്റുഡന്റ് സേവിംഗ്സ് സ്കീം വെബ് പോർട്ടൽ മുഖ്യമന്ത്രി വി ഡി സതീശൻ ഉദ്ഘാടനം ചെയ്യുന്നു

കുട്ടികളുടെ സമ്പാദ്യം ഇനി ഡിജിറ്റൽ: സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം വെബ് പോർട്ടൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ ഒന്നു മുതൽ പത്രണ്ടു വരെ ക്ലാസുകളിലെ കുട്ടികളിൽ സമ്പാദ്യശീലം വളർത്തുന്ന സ്റ്റുഡന്റ്സ് സേവിങ്സ് സ്കീം ഇനി പൂർണമായും ഓൺലൈനിൽ. കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) തയ്യാറാക്കിയ studentssaving.kite.kerala.gov.in പോർട്ടൽ മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്തു.

മുഖ്യമന്ത്രിയുടെ ചേംബറിൽ നടന്ന ചടങ്ങിൽ തിരുവനന്തപുരം വിളപ്പിൽ ഗവ. എൽ.പി.എസിലെ വിദ്യാർഥികളായ ഹൃഷികേശ് എ.ആർ., അനിഘ ആർ. സൂരജ്, ഹർഷിത കിരൺ എസ്. എന്നിവർക്ക് മുഖ്യമന്ത്രി ഡിജിറ്റൽ പാസ്ബുക്കിന്റെ പകർപ്പ് വിതരണം ചെയ്തു.

ക്ലാസ് അധ്യാപകർ മുതൽ നാഷണൽ സേവിങ്സ് ഡയറക്ടർ വരെയുള്ള ഉദ്യോഗസ്ഥർക്ക് പോർട്ടലിൽ ലോഗിൻ ചെയ്യാം. നിക്ഷേപം, പിൻവലിക്കൽ, പലിശ എന്നിവ രേഖപ്പെടുത്തിയ ഡിജിറ്റൽ പാസ്ബുക്ക്, രക്ഷിതാക്കൾക്കുള്ള എസ്.എം.എസ്. അറിയിപ്പ്, ട്രഷറി പേ-ഇൻ സ്ലിപ്പ്, സ്ഥിരനിക്ഷേപ വിവരങ്ങൾ, അക്കൗണ്ട് ക്ലോഷർ വരെയുള്ള എല്ലാ നടപടികളും ഇതിലൂടെ നിർവഹിക്കാം.

സ്കൂളുകളിലെ പണമിടപാടുകളും റിപ്പോർട്ടുകളും ഡാഷ്ബോർഡുകൾ വഴി ജില്ലാ, സംസ്ഥാന ഓഫീസുകൾക്ക് തത്സമയം ലഭ്യമാകും. സമ്പൂർണ, എച്ച്.എസ്.ക്യാപ്, വി.എച്ച്.എസ്.ക്യാപ് ലോഗിനുകൾ ഉപയോഗിച്ച് സ്കൂളുകൾക്ക് പോർട്ടലിൽ പ്രവേശിക്കാം. ചുമതലയുള്ള അധ്യാപകർക്ക് 'കൈറ്റ് കീ' ആപ്പ് വഴി ക്യു.ആർ. കോഡ് സ്കാൻ ചെയ്തും ലോഗിൻ ചെയ്യാം. എസ്.എം.എസ്. ഒ.ടി.പി. എളുപ്പത്തിൽ ലഭിക്കുന്നതിനും പോർട്ടലിനെ കൈറ്റ് കീ ആപ്പുമായി ബന്ധിപ്പിച്ചിട്ടുണ്ട്.ചടങ്ങിൽ കൈറ്റ് സി.ഇ.ഒ. കെ. അൻവർ സാദത്ത്, കെ.എഫ്.സി. എം.ഡി. എൻ.എസ്.കെ ഉമേഷ്, നാഷണൽ സേവിങ്സ് വകുപ്പ് ഡയറക്ടർ രേഖ നിക്സൺ, അഡീഷണൽ ഡയറക്ടർ പി. അജിത് കുമാർ, ഡെപ്യൂട്ടി ഡയറക്ടർമാരായ സി. ശാലിനി, എം. മഹേഷ്, കൈറ്റ് സൊല്യൂഷൻ ആർക്കിടെക്ട് കൃഷ്ണകുമാർ എന്നിവർ സംബന്ധിച്ചു.

സ്കൂളുകളിലെ പണമിടപാടുകളും റിപ്പോർട്ടുകളും ഡാഷ്ബോർഡുകൾ വഴി ജില്ലാ, സംസ്ഥാന ഓഫീസുകൾക്ക് തത്സമയം ലഭ്യമാകും. സമ്പൂർണ, എച്ച്.എസ്.ക്യാപ്, വി.എച്ച്.എസ്.ക്യാപ് ലോഗിനുകൾ ഉപയോഗിച്ച് സ്കൂളുകൾക്ക് പോർട്ടലിൽ പ്രവേശിക്കാം. ചുമതലയുള്ള അധ്യാപകർക്ക് 'കൈറ്റ് കീ' ആപ്പ് വഴി ക്യു.ആർ. കോഡ് സ്കാൻ ചെയ്തും ലോഗിൻ ചെയ്യാം. എസ്.എം.എസ്. ഒ.ടി.പി. എളുപ്പത്തിൽ ലഭിക്കുന്നതിനും പോർട്ടലിനെ കൈറ്റ് കീ ആപ്പുമായി ബന്ധിപ്പിച്ചിട്ടുണ്ട്.ചടങ്ങിൽ കൈറ്റ് സി.ഇ.ഒ. കെ. അൻവർ സാദത്ത്, കെ.എഫ്.സി. എം.ഡി. എൻ.എസ്.കെ ഉമേഷ്, നാഷണൽ സേവിങ്സ് വകുപ്പ് ഡയറക്ടർ രേഖ നിക്സൺ, അഡീഷണൽ ഡയറക്ടർ പി. അജിത് കുമാർ, ഡെപ്യൂട്ടി ഡയറക്ടർമാരായ സി. ശാലിനി, എം. മഹേഷ്, കൈറ്റ് സൊല്യൂഷൻ ആർക്കിടെക്ട് കൃഷ്ണകുമാർ എന്നിവർ സംബന്ധിച്ചു.

വിഷപ്പുക ശ്വസിച്ച് വിദ്യാർഥികൾ ആശുപത്രിയിലായ സംഭവം; ബാലാവകാശ കമ്മീഷൻ കേസെടുത്തു

കൊല്ലം: കൊട്ടിയം സൂര്യൻപൊയ്കയിൽ പ്രവർത്തിക്കുന്ന ടാർ മിക്സിംഗ് പ്ലാൻറിൽ നിന്നുയർന്ന കനത്ത പുകയും അസഹനീയമായ ഗന്ധവും മൂലം ഓക്സിലിയം സ്കൂളിലെ മുപ്പത്തിയാറിലധികം വിദ്യാർഥികൾക്ക് ശാരീരിക അസ്വസ്ഥതയുണ്ടായ സംഭവത്തിൽ ബാലാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു. മാധ്യമങ്ങളിൽ വന്ന വാർത്തകളുടെ പശ്ചാത്തലത്തിലാണ് കമ്മീഷൻറെ നടപടി.

വിഷയത്തിൽ സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കളക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ജിയോളജിസ്റ്റ്, മലിനീകരണ നിയന്ത്രണ ബോർഡ് എൻവയോൺമെൻറൽ എൻജിനീയർ എന്നിവർക്ക് ബാലാവകാശ കമ്മീഷൻ നിർദേശം നൽകിയിട്ടുണ്ട്.

ഏകദേശം ആയിരത്തി ഇരുനൂറിലധികം വിദ്യാർഥികൾ പഠിക്കുന്ന സ്കൂളിൻറെ വെറും 300 മീറ്റർ ചുറ്റളവിലാണ് ഈ പ്ലാൻറ് സ്ഥിതി ചെയ്യുന്നത്. സമീപത്ത് ഒട്ടേറെ കുടുംബങ്ങളും താമസിക്കുന്നുണ്ട്. പ്ലാൻറ് പ്രവർത്തിക്കുമ്പോൾ കാറ്റിൻറെ ഗതിക്കനുസരിച്ച് പുകയും വിഷവാതകങ്ങളും ജനവാസ കേന്ദ്രങ്ങളിലേക്കും സ്കൂൾ പരിസരത്തേക്കും എത്തുന്നത് പതിവാണെന്ന് നാട്ടുകാർ കുറ്റപ്പെടുത്തുന്നു. നേരത്തെ പ്രദേശത്ത് താമസിക്കുന്ന മറ്റുള്ളവർക്കും സമാനമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് നാട്ടുകാർ ചൂണ്ടിക്കാട്ടിയിരുന്നു. പ്ലാൻറിൻറെ പ്രവർത്തനം നിർത്തിവയ്ക്കാൻ പഞ്ചായത്ത് നേരത്തെ സ്റ്റോപ്പ് മെമ്മോ നൽകിയിരുന്നെങ്കിലും ഉടമകൾ കോടതിയെ സമീപിച്ച് അനുകൂല ഉത്തരവ് സമ്പാദിക്കുകയായിരുന്നു. അനുമതി നൽകിയതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഭരണകൂടവും പ്ലാൻറ് ഉടമകളും തമ്മിൽ തർക്കം നിലനിൽക്കുന്നുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡിൻറെ അനുമതികളിലും പ്രദേശവാസികൾ സംശയം പ്രകടിപ്പിച്ചിട്ടുണ്ട്. മൂന്ന് മാസം മുൻപും ഈ പ്ലാൻറിനെതിരെ നാട്ടുകാർ പ്രതിഷേധവുമായി രംഗത്തെത്തിയിരുന്നു. അന്ന് ജില്ലാ കലക്ടർ ആനി ജൂലാ തോമസ് ആരോഗ്യവകുപ്പ്, ജിയോളജി വിഭാഗം, തഹസിൽദാർ എന്നിവരോട് റിപ്പോർട്ട് തേടുകയും ചെയ്തിരുന്നു. സംഭവത്തിൽ പോലീസ് നേരത്തെ തന്നെ കേസെടുത്തിട്ടുണ്ട്.

ടെൻഡർ

തിരുവനന്തപുരത്തെ സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം കാമ്പസിൽ കഫ്റ്റീരിയ നടത്തുന്നതിന് ബേക്കറികൾ/ ഹോട്ടലുകൾ/ ഭക്ഷണശാലകൾ എന്നിവയിൽ നിന്ന് ടെൻഡർ ക്ഷണിച്ചു. അവസാന തീയതി ഡിസംബർ നാല്. വെബ് സൈറ്റ്: www.kstmuseum.com.

ഫീസ് റീ-ഇംബേഴ്സ്മെന്റ് സ്കീം: തീയതി നീട്ടി

സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് സർക്കാർ അംഗീകൃത പ്രൈവറ്റ് ഐ.ടി.സി-കളിൽ ഒന്ന്/രണ്ട് വർഷത്തെ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർഥികൾക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്. ഒരു വർഷ കോഴ്സിന് 10,000 രൂപയും രണ്ടു വർഷ കോഴ്സിന് 20,000 രൂപയുമാണ് സ്കോളർഷിപ്പ് തുകയായി നൽകുന്നത്. ബി.പി.എൽ വിഭാഗക്കാർക്ക് മുൻഗണന. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ ന്യൂനപക്ഷ മതവിഭാഗത്തിലെ 8 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള എ.പി.എൽ വിഭാഗത്തെ പരിഗണിക്കും. 10 ശതമാനം സ്കോളർഷിപ്പ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

അപേക്ഷകർക്ക് ഏതെങ്കിലും ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. ആധാർ അധിഷ്ഠിത ബാങ്ക് അക്കൗണ്ടുകൾ മാത്രമേ പരിഗണിക്കൂ. കേരളത്തിൽ പഠിക്കുന്ന സ്ഥിരതാമസക്കാരായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന മതവിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്. ഒരു വർഷത്തെ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് ജനസംഖ്യാനുപാതികമായി ഫീസ് റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നതിന് ഓൺലൈനായി അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ അഞ്ച് വരെ നീട്ടി.

വെബ്സൈറ്റിലെ സ്കോളർഷിപ്പ് മെന്യൂ ലിങ്ക് മുഖേന ഓൺലൈനായി അപേക്ഷിക്കാം. ഓൺലൈൻ അപേക്ഷയുടെ ഫീൽഡുകൾ പൂർണമായി പൂരിപ്പിച്ച് നിർദിഷ്ട രേഖകൾ അപ്ലോഡ് ചെയ്ത് പ്രിന്റൗട്ടും അനുബന്ധ രേഖകളും നിശ്ചിത തീയതിക്കുള്ളിൽ സ്ഥാപനമേധാവിയ്ക്ക് സമർപ്പിക്കണം. വിവരങ്ങൾക്ക്: 0471-2300523, 0471-2300524.

സാക്ഷികളെ കോടതിയിൽ എത്തിക്കുന്നതാണ് കണ്ണൂരിലെ പ്രധാനപ്പെട്ട വെല്ലുവിളി: കെ. എം. ഷാജി

കോഴിക്കോട്: സാക്ഷികളെ കോടതിയിൽ എത്തിക്കുന്നതാണ് കണ്ണൂരിലെ പ്രധാനപ്പെട്ട വെല്ലുവിളിയെന്ന് മന്ത്രി കെ. എം. ഷാജി. അരിയിൽ ഷുക്കൂർ വധക്കേസിലെ സാക്ഷികൾക്ക് വലിയ ഭീഷണിയുണ്ടായിരുന്നെന്നും ഷാജി പ്രതികരിച്ചു. കേസിൽ വിധി വരുന്നതിന് തൊട്ടുമുൻപായിരുന്നു മന്ത്രിയുടെ പ്രതികരണം. കണ്ണൂരിൽ സാക്ഷി പറയൽ വലിയ വെല്ലുവിളിയാണ്. സാക്ഷിപറയുന്ന ഘട്ടമാകുമ്പോൾ ആളുകളെ കാണാൻ കഴിയില്ല. ഇത് കണ്ണൂരിലെ ഒരു പ്രശ്നമാണ്. ഷുക്കൂർ കേസിലും സമാന അനുഭവം ഉണ്ടായെന്ന് മന്ത്രി പറഞ്ഞു.

സാക്ഷികൾക്ക് വലിയ ഭീഷണികളുണ്ടായിരുന്നു. സാക്ഷികളുടെ വീടുകളിൽപോയി ഭീഷണിപ്പെടുത്തിയിട്ടുണ്ട്. തുടക്കം മുതൽതന്നെ വളരെ സൂക്ഷ്മതയോടെയാണ് തങ്ങൾ കേസ് കൈകാര്യംചെയ്തതും സാക്ഷികളെ ഹാജരാക്കിയതും.

അവസാന സാക്ഷിയെ പോലും ഹാജരാക്കാൻ തീവ്രയജ്ഞം നടത്തിയിരുന്നു. ഗൾഫിൽനിന്നുപോലും ആളുകളെ കൊണ്ടുവന്നിരുന്നു. പി. ജയരാജനും ടി. വി. രാജേഷിനും കൊലപാതക ഗൂഢാലോചനയിൽ നൂറു ശതമാനം പങ്കുണ്ടെന്ന് ഉറപ്പുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.

പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ നവംബർ 22ന്; അഞ്ച് വയസുവരെയുള്ള 12.92 ലക്ഷം കുഞ്ഞുങ്ങൾക്ക് പോളിയോ തുള്ളിമരുന്നു നൽകും

ഭാരതത്തെ പോളിയോ വിമുക്തമാക്കാൻ ലക്ഷ്യമിട്ട് നടത്തുന്ന പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ നവംബർ 22 ഞായറാഴ്ച സംസ്ഥാനത്തെ 10 ജില്ലകളിൽ നടക്കുമെന്ന് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി കെ. മുരളീധരൻ അറിയിച്ചു. ഇടുക്കി, വയനാട്, കോഴിക്കോട്, മലപ്പുറം എന്നിവ ഒഴികെയുള്ള ജില്ലകളിലാണ് പരിപാടി നടക്കുക.

പരിപാടിയുടെ ക്രമീകരണങ്ങൾ പൂർത്തിയായതായും നവംബർ 22ന് തന്നെ അഞ്ചുവയസ്സിനു താഴെയുള്ള എല്ലാ കുഞ്ഞുങ്ങൾക്കും ഓരോ ഡോസ് തുള്ളിമരുന്ന് നൽകുന്നുവെന്ന് ഉറപ്പുവരുത്താൻ എല്ലാ മാതാപിതാക്കളും രക്ഷാകർത്താക്കളും ശ്രദ്ധിക്കണമെന്നും അദ്ദേഹം അഭ്യർഥിച്ചു. പതിവ് ഇമ്മ്യൂണൈസേഷന്റെ ഭാഗമായി പോളിയോ പ്രതിരോധ മരുന്ന് സ്വീകരിച്ച കുഞ്ഞുങ്ങൾക്ക് ഉൾപ്പെടെ പൾസ് പോളിയോയുടെ ഭാഗമായി തുള്ളിമരുന്ന് നൽകാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം.

പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യ- ദേവസ്വം വകുപ്പ് മന്ത്രി കെ. മുരളീധരൻ തിരുവനന്തപുരം പേരൂർക്കട ജില്ല ആശുപത്രിയിൽ നവംബർ 22 ഞായറാഴ്ച രാവിലെ 8 നു നിർവഹിക്കും. മേയർ വി.വി രാജേഷ് അധ്യക്ഷത വഹിക്കും, ഡോ. ശശി തരൂർ എം.പി, മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിക്കും.

സംസ്ഥാനത്ത് അഞ്ചുവയസ്സിനു താഴെയുള്ള 12,92,421 കുട്ടികൾക്കാണ് തുള്ളിമരുന്ന് നൽകുക. ഇതിനായി 13,453 ബൂത്തുകൾ സജീകരിക്കും. തുള്ളിമരുന്ന് നൽകാൻ 26,906 സന്നദ്ധപ്രവർത്തകരെ പരിശീലനം നൽകി നിയോഗിക്കും. സർക്കാർ ആശുപത്രികൾ, ആരോഗ്യകേന്ദ്രങ്ങൾ, ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ, നഗരാരോഗ്യ കേന്ദ്രങ്ങൾ, അങ്കണവാടികൾ, സ്വകാര്യ ആശുപത്രികൾ, വായനശാലകൾ, സ്കൂളുകൾ, സന്നദ്ധ സംഘടനകളുടെ കെട്ടിടങ്ങൾ എന്നിവയുൾപ്പെടെ ജനങ്ങൾക്ക് ഏറ്റവും സൗകര്യപ്രദമായ സ്ഥലങ്ങളിൽ ബൂത്തുകൾ ക്രമീകരിക്കും.

സാധാരണ ബൂത്തുകൾക്ക് പുറമേ യാത്രാവേളയിൽ കുഞ്ഞുങ്ങൾക്ക് വാക്സിൻ നകുന്നതിനു 373 ട്രാൻസിറ്റ് ബൂത്തുകൾ, 149 മൊബൈൽ ബൂത്തുകൾ, 7 ഉത്സവ/ മേളകളിലെ ബൂത്തുകൾ എന്നിവയും ക്രമീകരിക്കും. റെയിൽവെ സ്റ്റേഷൻ, ബസ്സ്റ്റാൻറ്, ബോട്ടുജെട്ടി എന്നിവിടങ്ങളിലാകും ട്രാൻസിറ്റ് ബൂത്തുകൾ പ്രവർത്തിക്കുക. അതിഥി തൊഴിലാളികളുടെ താമസസ്ഥലങ്ങൾ, ദുർഘട പ്രദേശങ്ങൾ, ഉത്സവസ്ഥലങ്ങൾ, കല്യാണമണ്ഡപങ്ങൾ എന്നിവയുൾപ്പെടെ ജനങ്ങൾ എത്തുന്ന സ്ഥലങ്ങളിൽ മരുന്ന് നൽകുന്നതിനാണ് മൊബൈൽ ബൂത്തുകൾ.

1980 കളിൽ രാജ്യത്ത് പ്രതിവർഷം ഒന്നര ലക്ഷത്തിലധികം കുട്ടികൾക്ക് അംഗവൈകല്യത്തിനു കാരണമായ പോളിയോ രോഗം 1995 പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ ആരംഭിച്ചതിനു ശേഷം ക്രമമായി കുറച്ചു കൊണ്ടുവന്ന് 2011 ന് ശേഷം ഭാരതത്തിൽ നിന്ന് പോളിയോ വൈറസിനെ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാൻ സാധിച്ചു. 2026 ജനുവരി 13 ന് ഭാരതം പോളിയോ വിമുക്തമായി 15 വർഷം പിന്നിട്ടിരിക്കുകയാണ്. എന്നാൽ ഇന്ത്യയുടെ അയൽരാജ്യങ്ങൾ ഉൾപ്പടെ ചിലരാജ്യങ്ങളിൽ ഇപ്പോഴും രോഗം റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. പോളിയോ രോഗം ഭൂമുഖത്ത് നിന്നും തുടച്ചു നീക്കുന്നതിൻറെ അവസാന ഘട്ടത്തിലാണ് ലോകം എത്തിനിൽക്കുന്നത്. പോളിയോ നിർമ്മാർജ്ജന യജ്ഞത്തിൽ എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണം ഉണ്ടാകണം.

പരിപാടിയുടെ പ്രചരണത്തിനായി ബാനറുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവയ്ക്ക് പുറമേ ഭവനസന്ദർശനവും നടത്തും. വാക്സിൻ, അവ സൂക്ഷിക്കാനുള്ള ഐഎൽആർ, ഡീപ് ഫ്രീസർ, കോൾഡ് ബോക്സ്, വാക്സിൻ കാരിയർ തുടങ്ങിയ ശീതീകരണ ഉപാധികളും തയ്യാറാക്കിയിട്ടുണ്ട്.

പൾസ് പോളിയോ ദിനത്തിൽ ബൂത്തുകളിൽ എത്താത്ത കുഞ്ഞുങ്ങൾക്ക് നവംബർ 23, 24 തിയതികളിൽ വീടുകളിലെത്തി വാക്സിൻ നൽകുന്നതാണ്. ആരോഗ്യ പ്രവർത്തകർക്ക് പുറമേ ആശാ, അങ്കണവാടി, കുടുംബശ്രീ പ്രവർത്തകർ എന്നിവരാണ് വാളൻറിയർമാർ. ആരോഗ്യവകുപ്പിൻറെ നേതൃത്വത്തിൽ ആരോഗ്യകേരളം, തദ്ദേശസ്വയംഭരണ വകുപ്പ്, വനിതാ-ശിശു വികസന വകുപ്പ്, പൊതുവിദ്യാഭ്യാസവകുപ്പ്, കുടുംബശ്രീ മിഷൻ, സാക്ഷരതാ മിഷൻ തുടങ്ങിയ സർക്കാർ വകുപ്പുകളുടെയും റോട്ടറി ഇൻറർനാഷണൽ തുടങ്ങിയ സന്നദ്ധസംഘടനകളുടെയും ആഭിമുഖ്യത്തിലാണ് പരിപാടി നടക്കുക.

യാദൃച്ഛികമായി സംഭവിച്ച കൊലപാതകമല്ല; നിയമപരമായി അവസാനംവരെ പോരാടുമെന്ന് പി. കെ. കുഞ്ഞാലിക്കുട്ടി

മലപ്പുറം: അരിയിൽ അബ്ദുൽ ഷുക്കൂർ വധത്തിൽ കൃത്യമായ ആസൂത്രണവും ഗൂഢാലോചനയും ഉണ്ടായിട്ടുണ്ടെന്ന് മുസ്ലിം ലീഗ് നേതാവും മന്ത്രിയുമായ പി. കെ. കുഞ്ഞാലിക്കുട്ടി. കേസിൽ കോടതി വിധിയുടെ പൂർണരൂപം ലഭിച്ചശേഷം പ്രതികരണം അറിയിക്കാമെന്ന് കുഞ്ഞാലിക്കുട്ടി പറഞ്ഞു.

യാദൃച്ഛികമായി സംഭവിച്ച ഒരു കൊലപാതകമല്ല ഇത്. വീട്ടിൽ നിന്ന് വിളിച്ചിറക്കിക്കൊണ്ടുപോയി മൃഗീയമായി കൊലപ്പെടുത്തുകയായിരുന്നു. കേസിൽ ചിലർക്ക് ശിക്ഷ ലഭിക്കുകയും ചിലരെ വെറുതേവിടുകയും ചെയ്തിട്ടുണ്ട്. ഗൂഢാലോചന തെളിയിക്കേണ്ട സാക്ഷികളെ ഭീഷണിപ്പെടുത്തിയതും സ്വാധീനിച്ചതുമാണ് കേസിൽ തിരിച്ചടിയായതെന്നും മന്ത്രി പറഞ്ഞു.

ഭയംകാരണം പല സാക്ഷികളും കോടതിമുറ്റത്തുനിന്ന് മടങ്ങിപ്പോകുന്ന സാഹചര്യമുണ്ടായി. പാർട്ടി ഈ കേസ് വളരെ സൂക്ഷ്മതയോടെയും ഭംഗിയായുമാണ് നടത്തിയത്. ഗൂഢാലോചന സംബന്ധിച്ച കാര്യങ്ങളിൽ തീർച്ചയായും അപ്പീൽ പോകുമെന്നും നിയമപരമായി അവസാനംവരെ പോരാടുമെന്നും പി. കെ. കുഞ്ഞാലിക്കുട്ടി അഭിപ്രായപ്പെട്ടു.

കൊയിലാണ്ടിയിൽ നാട്ടുകാരെ ഓടിച്ചിട്ടു കടിച്ച് പേപ്പട്ടി; എട്ട് പേർക്ക് പരിക്ക്

കോഴിക്കോട്: കൊയിലാണ്ടി നന്തി കടലൂരിൽ പേപ്പട്ടിയുടെ ആക്രമണത്തിൽ എട്ടു പേർക്ക് പരിക്ക്. കടലൂർ ലൈറ്റ് ഹൗസിനു സമീപം ഇന്നു രാവിലെ ഏഴോടെയിരുന്നു സംഭവം. സ്കൂട്ടറിൽ പോയവർക്കും വീട്ടുമുറ്റത്തുണ്ടായിരുന്നവർക്കുമാണ് കടിയേറ്റത്. കവരംകുന്ന് ജാനുവിന് കൈക്കും വയറിനുമാണ് കടിയേറ്റത്. പീടിക വളപ്പിൽ മുഹമ്മദ് സഹോദരിയോടൊപ്പം സ്കൂട്ടറിൽ പോകുമ്പോഴാണ് കടിയേറ്റത്. പരിക്കേറ്റവരെ കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ ചികിത്സയിലാണ്. കടിച്ച നായയെ പിന്നീട് നാട്ടുകാർ അടിച്ചു കൊന്നു.

ഹാജിറ, തൈക്കണ്ടി ഹംദാൻ, കരിയാടത്ത് നൗഷാദ്, കാളിയെരി ഉമ്മു കുൽസു, വടക്കേവളപ്പിൽ ജുനൈസ, കരിയടുകുനി ദേവി തുടങ്ങിയവരും താലൂക്

ബ്രിക്-ആർജിസിബി യിൽ സ്ഥാപകദിനാഘോഷം സംഘടിപ്പിച്ചു

തിരുവനന്തപുരം: ബ്രിക്-രാജീവ് ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജിയുടെ (ബ്രിക്-ആർജിസിബി) 31-ാമത് സ്ഥാപകദിനം സമുചിതം ആഘോഷിച്ചു. അടിസ്ഥാന ശാസ്ത്ര ഗവേഷണത്തോടൊപ്പം സാമൂഹിക പ്രതിബദ്ധതയും സമൂഹത്തിന് നേരിട്ട് പ്രയോജനം ചെയ്യുന്നതുമായ 'പർപ്പസ് ഡ്രിവൻ പ്രൊജക്റ്റുകൾക്കും' മുൻഗണന നൽകുമെന്ന് ബ്രിക് ആർജിസിബി ഡയറക്ടർ ഡോ. ബീന പിള്ള പറഞ്ഞു. ദിനാചരണത്തിൻറെ ഉദ്ഘാടന സെഷനിൽ പ്രത്യേത പ്രഭാഷണം നടത്തുകയായിരുന്നു അവർ.

ശാസ്ത്രജ്ഞരുടെ ഭാവനയ്ക്കും മൗലിക ആശയങ്ങൾക്കും പൂർണ്ണ സ്വാതന്ത്ര്യം നൽകുന്ന ഗവേഷണത്തോടൊപ്പം സമൂഹത്തിൻറെ സമകാലിക ആവശ്യങ്ങൾ നിറവേറ്റുന്ന ലക്ഷ്യ ബോധമുള്ള പ്രോജക്റ്റുകൾക്കും ആർജിസിബി ഊന്നൽ നൽകും. ജീവശാസ്ത്ര മേഖലയിലെ പുത്തൻ കണ്ടുപിടുത്തങ്ങളിൽ നിന്ന് ഡിസൈനിലേക്ക് മാറിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് ഗവേഷകർ സ്വന്തം പ്രവർത്തനങ്ങളിൽ 'ബയോ -ഡിസൈൻ' ആശയം സ്വീകരിക്കണമെന്നും അവർ അഭിപ്രായപ്പെട്ടു.

അടിസ്ഥാന ശാസ്ത്രവും പ്രായോഗിക ശാസ്ത്രവും സംയോജിപ്പിച്ച് മികച്ച പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കാൻ ആർജിസിബി പ്രതിജ്ഞാബദ്ധമാണ്. ശാസ്ത്ര സാങ്കേതിക രംഗത്ത് കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് സമൂഹത്തിന് പ്രയോജനകരമായ നിരവധി പദ്ധതികൾക്ക് തുടക്കം കുറിയ്ക്കാൻ ആർജിസിബി യ്ക്ക് സാധിച്ചതായും അവർ കൂട്ടിച്ചേർത്തു.

കേരള സ്റ്റേറ്റ് ഹയർ എജ്യുക്കേഷൻ കൗൺസിൽ വൈസ് ചെയർമാൻ ഡോ. അച്യുത് ശങ്കർ എസ്. നായർ ' ഈസ് എഐ ദി അൾട്ടിമേറ്റ് മഹാഗുരു ഓഫ് എവിരിതിങ് എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. മനുഷ്യൻറെ വൈകാരിക സവിശേഷതകൾക്കും ഭാവനയ്ക്കും പകരം വയ്ക്കാൻ എഐ യ്ക്ക് സാധിക്കില്ലെന്ന് ഡോ. അച്യുത് ശങ്കർ എസ്. നായർ പറഞ്ഞു. സാങ്കേതികവിദ്യ എത്ര വളർന്നാലും മാനുഷിക മൂല്യങ്ങൾ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. എ.ഐ യ്ക്ക് എല്ലാം മേഖലകളിലും കൈകടത്താൻ സാധിക്കുമെങ്കിലും മനുഷ്യൻറെ സന്തോഷവും തലച്ചോറിൻറെ പ്രവർത്തനവും നിലനിർത്താൻ ബോധപൂർവമായ പ്രവർത്തനങ്ങൾ ആവശ്യമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. സഞ്ജയ് ബെഹാരി , തിരുവനന്തപുരം ഐസർ പ്രൊഫസർ ഡോ. ഹേമ സോമനാഥൻ എന്നിവരും സംസാരിച്ചു.

ഡിജിറ്റൽ ന്യൂറോ സയൻസിൻറെ ഭാവി സാധ്യതകളും മുന്നേറ്റങ്ങളും നിർമ്മിതബുദ്ധി , കമ്പ്യൂട്ടേഷണൽ ടൂളുകൾ എന്നിവയുൾപ്പെടെയുള്ള ഡിജിറ്റൽ സാങ്കേതികവിദ്യകളും മനുഷ്യമസ്തിഷ്കത്തെക്കുറിച്ചുള്ള നമ്മുടെ ധാരണകളെ എങ്ങനെ മാറ്റിമറിക്കുന്നുവെന്ന് സഞ്ജയ് ബെഹാരി ദൃശ്യങ്ങളുടെ സഹായത്തോടെ വിശദീകരിച്ചു. സാങ്കേതിക മുന്നേറ്റങ്ങൾക്ക് വഴിയൊരുക്കാനും ആരോഗ്യപരിപാലനം, രോഗനിർണയം, നാഡീരോഗ ചികിത്സ എന്നിവ മെച്ചപ്പെടുത്തുന്നതിൽ ഈ നൂതന ആശയങ്ങൾക്കുള്ള സാധ്യതകളെക്കുറിച്ച് അദ്ദേഹം ചർച്ച ചെയ്തു.

ഐസർ പ്രൊഫസർ ഡോ. ഹേമ സോമനാഥൻ പ്രാണികളുടെ ന്യൂറോഎത്തോളജിയെക്കുറിച്ചാണ് പ്രഭാഷണം നടത്തിയത്. പ്രാണികളും വവ്വാലുകളും ഉൾപ്പെടെയുള്ള ജീവികൾ വെളിച്ചത്തെയും നിറങ്ങളെയും എങ്ങനെ തിരിച്ചറിയുന്നുവെന്നും ഇത്തരം ദൃശ്യസൂചനകൾ അവയുടെ സ്വഭാവരീതികളെ എങ്ങനെ സ്വാധീനിക്കുവെന്നും അവരുടെ പഠനത്തിൻറെ അടിസ്ഥാനത്തിൽ വിശദീകരിച്ചു.

ആർജിസിബി സയൻറിസ്റ്റായ ഡോ. എസ്. ആശാ നായർ സ്വാഗതവും ഡോ. പ്രിയ ശ്രീനിവാസ് നന്ദിയും പറഞ്ഞു.

പരിപാടിയോടനുബന്ധിച്ച് ആർജിസിബി യിലെ മികച്ച ഫാക്കൽറ്റികൾക്കും വിദ്യാർത്ഥികൾക്കുമുള്ള അവാർഡ് ദാന ചടങ്ങും സംഘടിപ്പിച്ചു. 2023-2026 വർഷത്തെ മികച്ച അധ്യാപകനായി ഡോ. ദിലീപ് വാസുദേവൻ മികച്ച അധ്യാപകനായി തിരഞ്ഞെടുക്കപ്പെട്ടു. മികച്ച ഗവേഷണ പ്രബന്ധാവതരണത്തിനുള്ള ഡോ. എം ആർ ദാസ് സ്റ്റുഡൻറ് മെറിറ്റ് അവാർഡ് വർഷ ഷാജിയ്ക്ക് ലഭിച്ചു. മികച്ച തിസീസിനുള്ള പി കെ അയ്യങ്കാർ അവാർഡിന് വിപിൻ സി എൽ അർഹനായി.

സ്ഥാപക ദിനാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച '3 മിനിട്ട് തിസീസ്' അവതരണ മത്സരം പരിപാടിയെ ആകർഷകമാക്കി. മത്സരത്തിൽ തിരുവനന്തപുരം ഐഐഎസ്ടി യിലെ പ്രിയങ്ക .എം ന് ഒന്നാംസമ്മാനം ലഭിച്ചു.

ഇൻഫ്ലുവൻസറെ കാണാനെത്തിയ യുവാവിനെ തല്ലിക്കൊന്നു, രണ്ടുപേർ അറസ്റ്റിൽ

ന്യൂഡൽഹി: സോഷ്യൽ മീഡിയ ഇൻഫ്ലുവൻസറായ യുവതിയെ നേരിൽ കാണാനായി ചെന്നൈയിൽ നിന്ന് ഡൽഹിയിലെത്തിയ യുവാവ് ബന്ധുക്കളുടെയും അയൽവാസികളുടെയും മർദനമേറ്റ് മരിച്ചു. കിഴക്കൻ ഡൽഹിയിലെ മധു വിഹാറിൽ നടന്ന സംഭവത്തിൽ യുവതിയുടെ പിതാവിനെയും ഒരു അയൽവാസിയെയും പൊലിസ് അറസ്റ്റ് ചെയ്തു. ദിവസങ്ങൾക്ക് ശേഷമാണ് മരണവിവരം പുറത്തറിയുന്നത്.

വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലായി 29 ലക്ഷത്തിലധികം സബ്സ്ക്രൈബർമാരുള്ള യുവതിയുടെ വീഡിയോകൾ സ്ഥിരമായി ലൈക്ക് ചെയ്തിരുന്ന യുവാവിന് യുവതിയോട് ആരാധനയും പ്രണയവും തോന്നിയിരുന്നു. തുടർന്നാണ് ഇയാൾ ചെന്നൈയിലെ സ്വകാര്യ കമ്പനിയിലെ ജോലിത്തിരക്കുകൾക്കിടയിൽ നിന്ന് യുവതിയെ കാണാനായി ഡൽഹിയിലേക്ക് എത്തിയത്.

യുവതിയുടെ വീട്ടിലേക്ക് അതിക്രമിച്ച് കടക്കാൻ യുവാവ് ശ്രമിച്ചതോടെ കുടുംബാംഗങ്ങളും അയൽവാസികളും ചേർന്ന് തടയുകയും പിന്നീട് മർദിക്കുകയുമായിരുന്നു എന്ന് പോലിസ് വ്യക്തമാക്കി. ഗുരുതരമായി പരിക്കേറ്റ യുവാവിനെ ആദ്യം ലാൽ ബഹദൂർ ശാസ്ത്രി ആശുപത്രിയിലും പിന്നീട് നില വഷളായതിനെ തുടർന്ന് ഗുരു തേജ് ബഹദൂർ ആശുപത്രിയിലും പ്രവേശിപ്പിച്ചു. ആരോഗ്യനിലയിൽ മാറ്റമില്ലാത്തതിനാൽ മറ്റൊരു ആശുപത്രിയിലേക്ക് മാറ്റിയെങ്കിലും ചികിത്സയിലിരിക്കെ മരണം സംഭവിക്കുകയായിരുന്നു.

സംഭവത്തിൽ യുവതിയുടെ സഹോദരനും മറ്റ് അയൽവാസികൾക്കും പങ്കുണ്ടെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. മനപൂർവമല്ലാത്ത നരഹത്യയ്ക്കാണ് പൊലിസ് കേസെടുത്തിരിക്കുന്നത്. പ്രദേശത്തെ സിസിടിവി ദൃശ്യങ്ങൾ ശേഖരിച്ച് പരിശോധിച്ചുവരികയാണെന്നും ഒളിവിൽ പോയ മറ്റ് പ്രതികൾക്കായി തിരച്ചിൽ ഊർജിതമാക്കിയിട്ടുണ്ടെന്നും പൊലിസ് അറിയിച്ചു.

ലീഡറുടെ മകൾക്ക് കോൺഗ്രസിലേക്ക് സ്വാഗതം; വാതിൽ തുറന്നിട്ട് സണ്ണി ജോസഫ്

തിരുവനന്തപുരം: ബിജെപി വിട്ട പത്മജ വേണുഗോപാലിനെ കോൺഗ്രസിലേക്ക് സ്വാഗതം ചെയ്ത് കെപിസിസി പ്രസിഡൻറ് സണ്ണി ജോസഫ്. ലീഡറുടെ മകൾക്ക് കോൺഗ്രസിലേക്ക് സ്വാഗതമെന്ന് അദ്ദേഹം ഒരു മാധ്യമത്തിനു നൽകിയ അഭിമുഖത്തിൽ പറഞ്ഞു. പത്മജ ബിജെപി വിട്ടത് നല്ല തീരുമാനമാണ്.

കോൺഗ്രസിലേക്ക് തിരിച്ചുവരാനാണ് പത്മജ ആഗ്രഹിക്കുന്നതെന്നാണ് മനസിലാക്കുന്നത്. ഇത്തരമൊരു നീക്കത്തെ പൂർണമായും സ്വാഗതം ചെയ്യുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അതേസമയം പത്മജയുടെ രാജിയിൽ പ്രതികരിക്കേണ്ടത് ബിജെപി സംസ്ഥാന നേതൃത്വമാണെന്ന് കേന്ദ്രമന്ത്രി സുരേഷ് ഗോപി വ്യക്തമാക്കി.

താനല്ല പത്മജയെ ബിജെപിയിലേക്ക് കൊണ്ടുവന്നതെന്നും അതിനാൽ രാജിയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് മറുപടി പറയേണ്ടത് താനല്ലെന്നും അദ്ദേഹം പറഞ്ഞു. പത്മജയുടെ രാജി നിർഭാഗ്യകരമാണെന്ന് ബിജെപി സംസ്ഥാന ഉപാധ്യക്ഷൻ കെ. കെ. അനീഷ് കുമാറും പ്രതികരിച്ചു. വ്യക്തിപരമായ കാരണത്താലാണ് ബിജെപി വിട്ടതെന്ന് പത്മജാ വേണുഗോപാൽ വ്യക്തമാക്കി.

ബിജെപിയുടെ ഐഡിയോളജിയും തൻറെ ഐഡിയോളജിയുമായി തീരെ ചേർന്നുപോകുന്നില്ല. അക്കാര്യം തുടക്കത്തിലേ മനസിലായിരുന്നു. പക്ഷേ, ഒരു പാർട്ടിയിൽനിന്ന് ചെന്ന ഉടനേ പോരാൻ പാടില്ലല്ലോയെന്നും അവർ മാധ്യമങ്ങളോടു പറഞ്ഞു. ബിജെപിയെ കുറിച്ച് യാതൊരു പരാതിയുമില്ല. അവർ തന്നോട് മോശമായി പെരുമാറിയിട്ടില്ല. ബിജെപിയുടെ ആശയം തിരിച്ചറിയാൻ വൈകിപ്പോയെന്നും പത്മജ കൂട്ടിച്ചേർത്തു.

കാൽമുട്ടിലെ പരിക്ക് വില്ലനായി; ഐപിഎല്ലിനോട് നോ പറഞ്ഞ് ബെഥൽ

ലണ്ടൻ: കാൽമുട്ടിനേറ്റ പരിക്കിനെത്തുടർന്ന് അടുത്ത സീസണിൽ ഐപിഎൽ കളിക്കില്ലെന്ന് ഇംഗ്ലണ്ട് താരം ജേക്കബ് ബെഥൽ. പരിക്കിൽനിന്ന് പൂർണമായി മോചിതനാകുന്നതിനാണ് ഇനി മുൻഗണന നൽകുകയെന്ന് താരം വ്യക്തമാക്കി. റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവുമായുള്ള രണ്ടുവർഷത്തെ ബന്ധത്തിന് നന്ദി അറിയിച്ചുകൊണ്ടാണ് ബെഥൽ ഇക്കാര്യം വെളിപ്പെടുത്തിയത്.

ഇൻസ്റ്റഗ്രാമിൽ പങ്കുവെച്ച വീഡിയോ സന്ദേശത്തിലൂടെയാണ് താരം തൻറെ തീരുമാനം അറിയിച്ചത്. ആദ്യ ഐപിഎൽ അനുഭവം സമ്മാനിച്ചതിനും രണ്ട് കിരീടനേട്ടങ്ങളുടെ ഭാഗമാകാൻ അവസരം നൽകിയതിനും ആർസിബിയോട് നന്ദി പറയുന്നതായി ബെഥൽ കുറിച്ചു. മികച്ച രണ്ട് വർഷങ്ങൾ സമ്മാനിച്ച ആർസിബിക്ക് നന്ദി. എൻറെ ആദ്യ ഐപിഎൽ അനുഭവത്തിനായി ഇതിലും മികച്ചൊരു ഫ്രാഞ്ചൈസിയെ ലഭിക്കാനില്ല.

ക്രിക്കറ്റിലെ ഇതിഹാസതാരങ്ങൾക്കൊപ്പം ഡ്രസിംഗ് റൂമും മൈതാനവും പങ്കിടാൻ കഴിഞ്ഞതും അതിലുപരി രണ്ട് കിരീടനേട്ടങ്ങളുടെ ഭാഗമാകാൻ സാധിച്ചതും വലിയ ബഹുമതിയായി കാണുന്നു. വരാനിരിക്കുന്ന ഐപിഎൽ സീസണിൽ കളിക്കുന്നതിനുപകരം കാൽമുട്ടിലെ പരിക്ക് പൂർണമായി ഭേദമാക്കുന്നതിനായിരിക്കും ശ്രദ്ധ നൽകുകയെന്നും ഇടംകൈയൻ ബാറ്ററായ ബെഥൽ വ്യക്തമാക്കി. ഐപിഎൽ 2027 മിനി ലേലത്തിന് മുന്നോടിയായി നിലവിലെ ചാമ്പ്യന്മാരായ ആർസിബി താരത്തെ ടീമിൽ നിലനിർത്തിയിരുന്നില്ല.

എസ്എൻഡിപി യോഗം തെരഞ്ഞെടുപ്പ് കേസ്; വെള്ളാപ്പള്ളിക്ക് അനുകൂല റിപ്പോർട്ടുമായി കേന്ദ്രസർക്കാർ സുപ്രീംകോടതിയിൽ

ന്യൂഡൽഹി: എസ്എൻഡിപി യോഗം തെരഞ്ഞെടുപ്പ് കേസിൽ സുപ്രീംകോടതിയിൽ വെള്ളാപ്പള്ളി നടേശന് അനുകൂലമായ റിപ്പോർട്ട് സമർപ്പിച്ച് കേന്ദ്ര സർക്കാർ. സംസ്ഥാന കമ്പനി നിയമം എസ്എൻഡിപിക്ക് ബാധകമല്ലെന്ന കമ്പനി കാര്യമന്ത്രാലയത്തിൻറെ റിപ്പോർട്ടാണ് കേന്ദ്രം സുപ്രീംകോടതിയിൽ നൽകിയത്.

വെള്ളാപ്പള്ളി നടേശൻറെ വാദം അംഗീകരിക്കുന്നതാണ് കേന്ദ്രസർക്കാർ റിപ്പോർട്ട്. 1961ലെ കേരള നോൺ ട്രേഡിംഗ് കമ്പനീസ് ആക്ട് എസ്എൻഡിപി യോഗത്തിന് ബാധകമല്ല. എസ്എൻഡിപി യോഗം 2013ലെ കേന്ദ്ര കമ്പനി നിയമത്തിന് കീഴിലെന്നും കേന്ദ്രം വ്യക്തമാക്കുന്നു.

1974ൽ ഇരുന്നൂറ് അംഗങ്ങൾക്ക് ഒരു പ്രതിനിധിയെന്ന വോട്ടിംഗ് രീതിക്ക് അനുവദിച്ച ഇളവ് ഇപ്പോഴും ബാധകമാണെന്നും കമ്പനി കാര്യ മന്ത്രാലയത്തിലെ അഡിഷണൽ സെക്രട്ടറി അംശുമാൻ പട്നായിക്കിൻറെ റിപ്പോർട്ടിൽ പറയുന്നു.

പ്രാതിനിധ്യ വോട്ടവകാശം അംഗീകരിക്കുന്നതാണ് കമ്പനികാര്യ മന്ത്രാലയത്തിൻറെ റിപ്പോർട്ട്. തെരഞ്ഞെടുപ്പ് കേസിൽ വെള്ളാപ്പള്ളി നടേശന് റിപ്പോർട്ട് അനുകൂലമാവും. എസ്എൻഡിപിക്ക് സംസ്ഥാന നിയമമാണ് ബാധകമാവുകയെന്ന് ഹർജിക്കാർ വാദിച്ചു. പ്രാതിനിധ്യ വോട്ടവകാശം റദ്ദാക്കണമെന്ന ഹർജിയിൽ സുപ്രീംകോടതി വാദം കേൾക്കും. ഹർജി രണ്ടാഴ്ചയ്ക്കു ശേഷം പരിഗണിക്കാൻ മാറ്റി.

ഞാൻ അൺഫിറ്റാണ്, എൻറെ പേര് വലിച്ചിഴയ്ക്കരുത്; തുറന്നുപറഞ്ഞ് ഡീൻ കുര്യാക്കോസ്

തിരുവനന്തപുരം: കെപിസിസി അധ്യക്ഷ സ്ഥാനത്തേക്ക് തൻറെ പേര് ഉയർത്തിക്കാട്ടി സമൂഹമാധ്യമങ്ങളിൽ നടക്കുന്ന പ്രചാരണത്തിനെതിരെ രൂക്ഷവിമർശനവുമായി ഡീൻ കുര്യാക്കോസ് എംപി. കെപിസിസി അധ്യക്ഷനെ തീരുമാനിക്കേണ്ടത് പാർട്ടിയുടെ ഉന്നത നേതൃത്വമാണെന്നും ഈ സ്ഥാനത്തേക്ക് താൻ അൺഫിറ്റാണെന്നാണ് വ്യക്തിപരമായ വിലയിരുത്തലെന്നും ഡീൻ വ്യക്തമാക്കി. തൻറെ പേര് ഇതിലേക്ക് വലിച്ചിഴയ്ക്കരുതെന്നും ഇത് തെറ്റായ നടപടിയാണെന്നും അദ്ദേഹം ഫേസ്ബുക്കിൽ കുറിച്ചു. അർഹതയില്ലാതെ ഒരു സ്ഥാനവും ആരോടും ആവശ്യപ്പെട്ടിട്ടില്ലെന്നും ഇനിയൊരിക്കലും അങ്ങനെ ചെയ്യുകയുമില്ല. ആഗ്രഹിച്ച സ്ഥാനങ്ങളിലെല്ലാം എത്താൻ ദൈവാനുഗ്രഹവും സ്വന്തം അധ്വാനവും നേതാക്കളുടെ പിന്തുണയും സഹായിച്ചിട്ടുണ്ട്. തന്നെ തിരിച്ചറിഞ്ഞ് അവസരങ്ങൾ നൽകിയ നേതാക്കളോട് എന്നും കടപ്പാടുണ്ടായിരിക്കും.

അർഹതയില്ലാത്ത ഒരു സ്ഥാനവും തേടിപ്പോയിട്ടില്ല. വാട്സാപ്പിലും ഫേസ്ബുക്കിലും നടക്കുന്ന പ്രചാരണയുദ്ധങ്ങളിലൂടെയല്ല പാർട്ടിയിലെ സ്ഥാനങ്ങൾ തീരുമാനിക്കുന്നത്. പാർട്ടി നൽകിയ എല്ലാ സ്ഥാനങ്ങളിലും താൻ സംതൃപ്തനാണ്. കെപിസിസി അധ്യക്ഷ സ്ഥാനത്തേക്ക് ഏറ്റവും അനുയോജ്യനായ വ്യക്തിയെ ഹൈക്കമാൻഡ് കണ്ടെത്തുന്നതുവരെ കാത്തിരിക്കുകയാണ് വേണ്ടതെന്നും ഇടുക്കി എംപി വ്യക്തമാക്കി.

കാർ പാലത്തിൽ നിന്ന് മറിഞ്ഞ് ആറുപേർ മരിച്ചു; ഒരാൾക്ക് പരിക്ക്

പാറ്റ്ന: ബിഹാറിലെ അരരിയ ജില്ലയിൽ കാർ പാലത്തിൽ നിന്ന് തോട്ടിലേക്ക് മറിഞ്ഞ് ആറുപേർ മരിച്ചു. വാഹനത്തിലുണ്ടായിരുന്ന ഏഴുപേരിൽ ഒരാൾ പരിക്കുകളോടെ രക്ഷപ്പെട്ടു. ബിരി പാലത്തിന് സമീപമാണ് അപകടമുണ്ടായത്. ഒരു ചടങ്ങിൽ പങ്കെടുത്ത് മടങ്ങുകയായിരുന്ന സംഘം സഞ്ചരിച്ച വാഹനമാണ് അപകടത്തിൽപ്പെട്ടതെന്ന് അധികൃതർ അറിയിച്ചു. സുപൗളിലെ പിപ്ര സ്വദേശികളാണ് അപകടത്തിൽപ്പെട്ട ഏഴുപേരും. ആശുപത്രിയിൽ എത്തിച്ചപ്പോഴേക്കും ആറുപേരുടെയും മരണം സ്ഥിരീകരിച്ചതായി ഡോക്ടർ വ്യക്തമാക്കി. പരിക്കേറ്റയാൾ ആശുപത്രിയിൽ ചികിത്സയിൽ തുടരുകയാണ്. സംഭവത്തിൽ പൊലിസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

ടിക്കറ്റില്ലാതെ യാത്ര; കൊച്ചിയിൽ ടിടിഇയെ ട്രെയിനിൽ നിന്ന് തള്ളിയിട്ടു; രക്ഷപെട്ടത് തലനാരിഴയ്ക്ക്

കൊച്ചി: എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനിൽ ജനശതാബ്ദി എക്സ്പ്രസിലെ ടിടിഇയെ ട്രെയിനിൽ നിന്ന് പുറത്തേക്ക് തള്ളിയിടാൻ ശ്രമിച്ച കേസിൽ രണ്ടുപേർ പിടിയിൽ. ആലപ്പുഴ സ്വദേശികളായ കെ. ഡി. ബാബു, ശ്രീരാജ് എന്നിവരെയാണ് ആർപിഎഫ് അറസ്റ്റ് ചെയ്തത്. ഡിഎൽ 1 കോച്ചിലെ ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത സീറ്റിൽ ഇരുവരും ഇരിക്കുന്നത് ശ്രദ്ധയിൽപ്പെട്ട ടിടി ഇ ടിൻസൺ തോമസ്, സംശയം തോന്നി ടിക്കറ്റ് ചോദിച്ചതാണ് പ്രകോപനത്തിന് കാരണം. തുടർന്ന് യാത്രക്കാരിൽ ഒരാൾ ടിൻസൺ തോമസിനെ പുറത്തേക്ക് തള്ളിയിടുകയും വാതിൽ ഉള്ളിൽ നിന്ന് അടയ്ക്കാൻ ശ്രമിക്കുകയുമായിരുന്നു. ട്രെയിൻ നീങ്ങിത്തുടങ്ങിയ സമയത്ത് വാതിലിൽ മുറുകെപ്പിടിച്ച് തൂങ്ങിക്കിടന്നതിനാലാണ് ടിൻസൺ തോമസ് ട്രാക്കിലേക്ക് വീഴാതെ തലനാരിഴയ്ക്ക് രക്ഷപ്പെട്ടത്. ടിടിഇ വാതിലിൽ തൂങ്ങിക്കിടക്കുന്നതും നിലവിളിയും ശ്രദ്ധയിൽപ്പെട്ട ട്രെയിൻ മാനേജർ ഉടൻ അടിയന്തര ബ്രേക്ക് ഉപയോഗിച്ച് ട്രെയിൻ നിർത്തിയതോടെയാണ് വലിയ അപകടം ഒഴിവായത്. സംഭവത്തിൽ ടിൻസൺ തോമസ് ദക്ഷിണ റെയിൽവേയിലെ മുതിർന്ന ഉദ്യോഗസ്ഥർക്ക് രേഖാമൂലം പരാതി നൽകിയിട്ടുണ്ട്.

കോടിക്കണക്കിന് ആളുകളെ ദാരിദ്ര്യത്തിൽ നിന്ന് കരകയറ്റി; പട്ടിണി പോലെ ലഹരിയും തുടച്ചുനീക്കുമെന്ന് മോദി

ന്യൂഡൽഹി: രാജ്യത്തെ മയക്കുമരുന്ന് മുക്തമാക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കാൻ കേന്ദ്ര മന്ത്രിസഭാ യോഗത്തിൽ നിർദേശം നൽകി പ്രധാനമന്ത്രി നരേന്ദ്ര മോദി. ലഹരി ഉപയോഗത്തിൽ നിന്ന് രാജ്യത്തെ വിമുക്തമാക്കാനുള്ള 'ഡ്രഗ്സ് ഫ്രീ ഇന്ത്യ' പ്രചാരണത്തിനായി ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങൾക്കും നിർദേശം നൽകിയിട്ടുണ്ട്.

രാജ്യത്തിൻറെ ചില ഭാഗങ്ങളിൽ മയക്കുമരുന്ന് സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് വികാരാധീനനായാണ് മോദി സംസാരിച്ചത്. പട്ടിണി പോലെ രാജ്യത്ത് നിന്ന് ലഹരി മരുന്ന് സൃഷ്ടിക്കുന്ന ഭീഷണിയും ഇല്ലാതാക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

കോടിക്കണക്കിന് ആളുകളെ ദാരിദ്ര്യത്തിൽ നിന്ന് കരകയറ്റാൻ സർക്കാരിന് സാധിച്ചെങ്കിൽ, ലഹരിയെന്ന ഭീഷണിയെ മറികടക്കാൻ സാധിക്കുമെന്നും നരേന്ദ്ര മോദി കൂട്ടിച്ചേർത്തു.

ലഹരിമരുന്ന് ഉപയോഗവും അത് തടയുന്നതിൽ സംസ്ഥാന സർക്കാരിൻറെ വീഴ്ചകളും പ്രധാന രാഷ്ട്രീയ ചർച്ചാവിഷയമായി മാറിയ പഞ്ചാബ് നിയമസഭാ തെരഞ്ഞെടുപ്പ് അടുത്തിരിക്കെയാണ് പ്രധാനമന്ത്രിയുടെ പ്രസ്താവനയെന്നതും ശ്രദ്ധേയമാണ്.

ഇറങ്ങേണ്ട സ്റ്റേഷൻ മാറിപ്പോയി, തിരികെ ചാടിക്കയറി, ട്രെയിൻ യാത്രികന് ദാരുണാന്ത്യം

കോഴിക്കോട്: സ്റ്റേഷൻ മാറി ഇറങ്ങിയെന്നു മനസിലാക്കിയപ്പോൾ തിരിച്ച് ട്രെയിനിലേക്ക് ചാടിക്കയറിയ മധ്യവയസ്കൻ ദാരുണാന്ത്യം ഇരിങ്ങൽ സ്റ്റേഷനിലുണ്ടായ അപകടത്തിൽ തിക്കോടി വടക്കേ മന്നത്ത് സന്തോഷ് (51) ആണ് മരിച്ചത്ബുധനാഴ്ച വൈകുന്നേരമായിരുന്നു സംഭവം. കണ്ണൂർ-ഷൊർണൂർ മെമു ട്രെയിനിൽ യാത്ര ചെയ്യുകയായിരുന്ന സന്തോഷ്, ഇരിങ്ങൽ റെയിൽവേ സ്റ്റേഷനിൽ ട്രെയിൻ നിർത്തിയപ്പോൾ തിക്കോടിയാണെന്ന് തെറ്റിദ്ധരിച്ച് ഇറങ്ങുകയായിരുന്നു. ട്രെയിൻ മുന്നോട്ടുനീങ്ങിയപ്പോഴാണ് സ്ഥലം മാറിയതായി മനസ്സിലായത്. തുടർന്ന് ഓടിക്കൊണ്ടിരുന്ന ട്രെയിനിലേക്ക് തിരികെ കയറാൻ ശ്രമിക്കുന്നതിനിടെ താഴെ വീഴുകയായിരുന്നു. ഭാര്യ: ഷൈനി. മക്കൾ: അശ്വിൻ, സാരംഗ്, ആര്യ.

സിറാജിനെ ഒഴിവാക്കിയതിൽ വിശദീകരണവുമായി ബാറ്റിംഗ് കോച്ച്

വെല്ലിംഗ്ടൺ: ന്യൂസിലൻഡിനെതിരായ ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൽ മുഹമ്മദ് സിറാജിനെ ഒഴിവാക്കിയതിനെ ന്യായീകരിച്ച് ഇന്ത്യൻ ബാറ്റിംഗ് കോച്ച് സിതാൻഷു കൊടക്. അഞ്ച് ദിവസത്തെ മത്സരത്തിൻറെ സാഹചര്യങ്ങളും ആവശ്യങ്ങളും പരിഗണിച്ചാണ് മികച്ച ഇലവനെ തെരഞ്ഞെടുത്തതെന്നും സിറാജിനെ ഒഴിവാക്കിയത് തെറ്റായ തീരുമാനമല്ലെന്നും അദ്ദേഹം വ്യക്തമാക്കി. ജസ്പ്രീത് ബുംറയ്ക്കൊപ്പം പ്രസിദ്ധ് കൃഷ്ണ, ആകാശ് ദീപ്, അൻഷുൽ കംബോജ് എന്നിവരെയാണ് ഇന്ത്യ പേസ് നിരയിൽ ഉൾപ്പെടുത്തിയത്. സിറാജിനെ പുറത്തിരുത്തിയ തീരുമാനത്തിനെതിരെ മുൻ ഇന്ത്യൻ താരം സുനിൽ ഗവാസ്കർ ഉൾപ്പെടെയുള്ളവർ വിമർശനം ഉന്നയിച്ചിരുന്നു. ഇതിന് പിന്നാലെയാണ് ടീം മാനേജ്മെൻറിൻറെ നിലപാട് വിശദീകരിച്ച് കൊടക് രംഗത്തെത്തിയത്.സിറാജിന് പരിക്കുകളൊന്നുമില്ലെന്നും ടീം തെരഞ്ഞെടുപ്പിൽ ലഭ്യമായ സാഹചര്യങ്ങൾ കണക്കിലെടുത്താണ് തീരുമാനമെടുത്തതെന്നും കൊടക് പറഞ്ഞു. ആദ്യ ദിവസത്തെ സാഹചര്യങ്ങൾ മാത്രം മുൻനിർത്തിയല്ല പ്ലേയിംഗ് ഇലവനെ തീരുമാനിച്ചത്. രണ്ടാം, മൂന്നാം, നാലാം ദിവസങ്ങളിലെ സാഹചര്യങ്ങളും ആവശ്യങ്ങളും പരിഗണിച്ചാണ് ടീമിനെ തെരഞ്ഞെടുത്തതെന്നും അദ്ദേഹം വ്യക്തമാക്കി.

ഡോക്ടറെ ആക്രമിച്ച കേസ്; അതുല്യ ചന്ദ്ര ഉൾപ്പെടെ മൂന്ന് പ്രതികൾക്കും ജാമ്യം

കൊച്ചി: കൊച്ചിയിൽ ഡോക്ടറെ ആക്രമിച്ച കേസിൽ നടി അതുല്യ ചന്ദ്ര ഉൾപ്പെടെ മൂന്ന് പ്രതികൾക്കും ജാമ്യം. എറണാകുളം ജില്ലാ സെഷൻസ് കോടതിയാണ് പ്രതികൾക്ക് ജാമ്യം അനുവദിച്ചത്. അതുല്യ ചന്ദ്രയെ കൂടാതെ നടൻ ബിപിൻ പെരുമ്പള്ളി, ഡ്രൈവർ വിഷ്ണു എന്നിവർക്കാണ് ജാമ്യം ലഭിച്ചത്.നേരത്തെ കേസിൽ മജിസ്ട്രേറ്റ് കോടതി പ്രതികളുടെ ജാമ്യാപേക്ഷ തള്ളിയിരുന്നു. പ്രതികളുമായി തെളിവെടുപ്പ് നടത്താനും ചോദ്യം ചെയ്യേണ്ടതുണ്ടെന്നും കാണിച്ചാണ് പൊലിസ് ജാമ്യത്തെ എതിർത്തത്. ഇതേതുടർന്നായിരുന്നു മജിസ്ട്രേറ്റ് കോടതി പ്രതികളുടെ ജാമ്യാപേക്ഷ തള്ളിയത്. തുടർന്ന് പൊലിസ് പ്രതികളെ കസ്റ്റഡിയിൽ വാങ്ങി തെളിവെടുപ്പ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിരുന്നു. ഈ സാഹചര്യത്തിലാണ് പ്രതികൾക്ക് സെഷൻസ് കോടതി ഇന്ന്

ഷുക്കൂർ വധക്കേസിൽ വിധി വന്നപ്പോൾ; നേതാക്കൾ പുറത്ത്, 13 പേർ അകത്ത്

കണ്ണൂർ: കേരള രാഷ്ട്രീയത്തിൽ വൻ കോളിളക്കങ്ങൾ സൃഷ്ടിച്ച അരിയിൽ ഷുക്കൂർ വധക്കേസിൽ 14 വർഷങ്ങൾക്കുശേഷം നിർണായക വിധി. സിപിഎം നേതാക്കളായ പി. ജയരാജൻ, ടി. വി. രാജേഷ്, എം. വി. ഗോവിന്ദൻറെ മകൻ ശ്യാംജിത്ത് തുടങ്ങിയവരെ കുറ്റവിമുക്തരാക്കിയാണ് എറണാകുളം പ്രത്യേക സിബിഐ കോടതി വിധിപറഞ്ഞത്. ഒന്നാം പ്രതി സുമേഷ് ഉൾപ്പെടെ 13 പേർ കുറ്റക്കാരാണെന്നും കോടതി കണ്ടെത്തി. വിചാരണ നേരിട്ട 31 പ്രതികളിൽ 18 പേരെയാണ് കോടതി വെറുതെവിട്ടത്.

സിപിഎം-മുസ്‌ലിം ലീഗ് സംഘർഷം

2012 ഫെബ്രുവരി 20നാണ് കണ്ണൂർ തളിപ്പറമ്പ് പട്ടുവം അരിയിൽ സ്വദേശിയും എംഎസ്എഫ് പ്രാദേശിക നേതാവുമായ അരിയിൽ അബ്ദുൽ ഷുക്കൂർ കൊല്ലപ്പെട്ടത്. അന്ന് ഉച്ചയ്ക്ക് പ്രദേശത്ത് സിപിഎം-മുസ്‌ലിം ലീഗ് സംഘർഷമുണ്ടായിരുന്നു. ഇതിനിടെ സിപിഎം കണ്ണൂർ ജില്ലാ സെക്രട്ടറിയായിരുന്ന പി. ജയരാജനും കല്ല്യാശേരി എംഎൽഎയായിരുന്ന ടി. വി. രാജേഷും സഞ്ചരിച്ച വാഹനത്തിനുനേരെ അരിയിൽവെച്ച് ആക്രമണമുണ്ടായത്. ഈ സംഭവം ഉണ്ടായി മണിക്കൂറുകൾക്കുള്ളിൽ തന്നെ പ്രദേശത്ത് വ്യാപകമായ അക്രമങ്ങൾ അരങ്ങേറി.

പട്ടുവത്തെ ആക്രമണത്തിൽ പങ്കുണ്ടെന്ന് ആരോപിച്ച് അരിയിൽ സ്വദേശിയായ അബ്ദുൾ ഷുക്കൂറിനെയും സുഹൃത്ത് സക്കരിയായെയും സിപിഎം പ്രവർത്തകർ പിടികൂടി. കീഴറയിലെ ഒരു വയലിൽ വെച്ച് മണിക്കൂറുകളോളം ചോദ്യം ചെയ്ത ശേഷം ഷുക്കൂറിനെ ക്രൂരമായി കുത്തിക്കൊലപ്പെടുത്തുകയായിരുന്നു എന്നാണ് അന്വേഷണ സംഘത്തിൻറെ കണ്ടെത്തൽ. ആക്രമണത്തിൽ പരിക്കേറ്റ ജയരാജനും രാജേഷും തളിപ്പറമ്പ് സഹകരണ ആശുപത്രിയിലെ 315-ാം നമ്പർ മുറിയിൽ ചികിത്സയിലിരിക്കെ പ്രതികാരം ചെയ്യാൻ ഗൂഢാലോചന നടത്തിയെന്നായിരുന്നു പ്രോസിക്യൂഷൻ ആരോപണം.

ജയരാജൻറെ അറസ്റ്റും രാഷ്ട്രീയ വിവാദവും

ആദ്യഘട്ടത്തിൽ പ്രാദേശിക സിപിഎം പ്രവർത്തകരെ മാത്രം കേന്ദ്രീകരിച്ചായിരുന്നു പൊലിസിൻറെ അന്വേഷണം. എന്നാൽ കേസിൽ പിന്നീട് നിർണായകമായത് പി. ജയരാജനും ടി. വി. രാജേഷിനുമെതിരായ ഗൂഢാലോചന ആരോപണമായിരുന്നു. അരിയിൽവെച്ച് ഇരുവരും സഞ്ചരിച്ച വാഹനത്തിനുനേരെയുണ്ടായ ആക്രമണത്തിന് പ്രതികാരമായാണ് ഷുക്കൂറിനെ കൊലപ്പെടുത്തിയതെന്നായിരുന്നു അന്വേഷണ സംഘത്തിൻറെ കണ്ടെത്തലും പ്രോസിക്യൂഷൻറെ ആരോപണവും. ഇരുവരും ചികിത്സയിൽ കഴിഞ്ഞിരുന്ന 315-ാം നമ്പർ മുറിയിൽവെച്ചാണ് കൊലപാതകത്തിനുള്ള ഗൂഢാലോചന നടന്നതെന്ന ആരോപണവും ഉയർന്നു.

അന്നത്തെ കണ്ണൂർ എസ്പിയായിരുന്ന രാഹുൽ ആർ. നായരുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണസംഘം ആശുപത്രിയിലെ ഗൂഢാലോചനാ ആരോപണം ഉൾപ്പെടെ വിശദമായി അന്വേഷിച്ചു. കൊലപാതക ഗൂഢാലോചന അറിഞ്ഞിട്ടും അത് തടയാൻ ശ്രമിച്ചില്ലെന്ന കുറ്റം ചുമത്തിയാണ് 2012 ഓഗസ്റ്റ് ഒന്നിന് അന്നത്തെ സിപിഎം കണ്ണൂർ ജില്ലാ സെക്രട്ടറിയായിരുന്ന പി. ജയരാജനെ പൊലിസ് അറസ്റ്റ് ചെയ്തത്. അറസ്റ്റ് കണ്ണൂരിൽ വലിയ രാഷ്ട്രീയ പ്രതിഷേധങ്ങൾക്കും സംഘർഷങ്ങൾക്കും വഴിവെച്ചു. ഇതിന് പിന്നാലെ ഓഗസ്റ്റ് ഏഴിന് ടി. വി. രാജേഷും കീഴടങ്ങി.

ഇരുവരുടെയും അറസ്റ്റ് കേസിന് വലിയ രാഷ്ട്രീയമാനം നൽകി. സിപിഎം നേതാക്കൾക്കെതിരായ നടപടി രാഷ്ട്രീയപ്രേരിതമാണെന്ന് പാർട്ടി ആരോപിച്ചപ്പോൾ കൊലപാതകത്തിന് പിന്നിലെ ഗൂഢാലോചന പുറത്തുകൊണ്ടുവരണമെന്ന നിലപാടിലായിരുന്നു ഷുക്കൂറിൻറെ കുടുംബം.

പിന്നീട് അന്വേഷണത്തിൽ അതൃപ്തി പ്രകടിപ്പിച്ച് കുടുംബം കോടതിയെ സമീപിച്ചതോടെയാണ് കേസ് സിബിഐയുടെ കൈകളിലെത്തിയത്.

കേസിൽ ആദ്യം ലോക്കൽ പൊലിസ് അന്വേഷണം നടത്തി 2012 മാർച്ച് 22ന് 18 പേരെ പ്രതികളാക്കി കുറ്റപത്രം സമർപ്പിച്ചു. ജൂൺ 22ന് പ്രതികളുടെ എണ്ണം 34 ആയി ഉയർത്തി. കൊലപാതക ഗൂഢാലോചന അറിഞ്ഞിട്ടും തടയാൻ ശ്രമിച്ചില്ലെന്ന കുറ്റം ചുമത്തി 2012 ഓഗസ്റ്റ് ഒന്നിനാണ് പി. ജയരാജനെ പൊലിസ് അറസ്റ്റ് ചെയ്തത്. അന്വേഷണത്തിനിടെ 2012 ഒക്ടോബർ ഏഴിന് കേസിലെ ഇരുപതാം പ്രതി അച്ചാലി സുരേഷ് ജീവനൊടുക്കി. ലോക്കൽ പൊലിസിൻറെ അന്വേഷണത്തിൽ തൃപ്തരല്ലാതിരുന്ന ഷുക്കൂറിൻറെ മാതാവ് ആത്തിക്ക നൽകിയ ഹർജിയെ തുടർന്ന് 2016 ഫെബ്രുവരി എട്ടിന് ഹൈക്കോടതി കേസ് അന്വേഷണം സിബിഐക്ക് വിട്ടു.

17 മാസം നീണ്ട വിചാരണ

തുടരന്വേഷണം നടത്തിയ സിബിഐ 2019 ഫെബ്രുവരി 11ന് തലശേരി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചു. പി. ജയരാജനെയും 32-ാം പ്രതിയായും ടി. വി. രാജേഷിനെ 33-ാം പ്രതിയായും ഉൾപ്പെടുത്തി കൊലപാതക ഗൂഢാലോചനക്കുറ്റം ചുമത്തി. കുറ്റകൃത്യം നടക്കാൻ സാധ്യതയുണ്ടെന്ന് അറിഞ്ഞിട്ടും അത് തടയാനുള്ള നടപടികൾ സ്വീകരിക്കാതെ ഒത്താശ ചെയ്തുകൊടുത്തു എന്ന കുറ്റമായിരുന്നു ജയരാജനും രാജേഷിനുമെതിരെ ചുമത്തിയത്.

ജയരാജൻറെ വാഹനത്തിന് നേർക്ക് കല്ലെറിഞ്ഞതിന് എംഎസ്എഫ് പ്രവർത്തകരായ ഷുക്കൂറിനേയും സക്കരിയേയും പരസ്യമായി വയലിൽ വച്ച് പാർട്ടിക്കാർ പരസ്യമായി വിചാരണ ചെയ്ത് ക്രൂരമായി ആക്രമിക്കുകയും കുത്തേറ്റ ഷുക്കൂർ കൊല്ലപ്പെടുകയുമായിരുന്നുവെന്നാണ് ലീഗ് പ്രധാനമായും ഉന്നയിച്ചത്. കേസിൽനിന്ന് ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ജയരാജനും രാജേഷും നൽകിയ വിടുതൽ ഹർജികൾ 2024 ഒക്ടോബറിൽ കോടതി തള്ളിയിരുന്നു.

2025 മേയ് അഞ്ചിന് എറണാകുളം പ്രത്യേക സിബിഐ കോടതിയിൽ ആരംഭിച്ച വിചാരണ 17 മാസം നീണ്ടുനിന്നു.

ഒടുവിൽ ഉന്നത നേതാക്കൾക്കെതിരായ ഗൂഢാലോചന തെളിയിക്കാൻ പ്രോസിക്യൂഷന് കഴിഞ്ഞില്ലെന്ന് നിരീക്ഷിച്ചാണ് കോടതി പി. ജയരാജനെയും ടി. വി. രാജേഷിനെയും കുറ്റവിമുക്തരാക്കിയത്. വിധിക്കെതിരെ മേൽക്കോടതിയെ സമീപിക്കാനൊരുങ്ങുകയാണ് ഷുക്കൂറിൻറെ കുടുംബവും സിബിഐയും.

പത്മജയെ കൊണ്ടുവന്നത് താനല്ല; മറുപടി പറയേണ്ടത് സംസ്ഥാന നേതൃത്വമെന്ന് സുരേഷ് ഗോപി

ആലപ്പുഴ: പത്മജ വേണുഗോപാൽ ബിജെപിയിൽ നിന്ന് രാജിവച്ച സംഭവത്തിൽ പ്രതികരിച്ച് കേന്ദ്രമന്ത്രി സുരേഷ് ഗോപി. വിഷയത്തിൽ പ്രതികരിക്കേണ്ടത് ബിജെപി സംസ്ഥാന നേതൃത്വമാണെന്നും മറുപടി പറയേണ്ടയാൾ താനല്ലെന്നും അദ്ദേഹം പറഞ്ഞു.

താനല്ല പത്മജയെ ബിജെപിയിലേക്ക് കൊണ്ടുവന്നത്. ഷുക്കൂർ വധക്കേസിൽ പി. ജയരാജനെ ഉൾപ്പടെ വെറുതെ വിട്ടത് സങ്കടകരമായ കാര്യമാണ്. പ്രതികൾക്ക് കുടുംബത്തിൻറെ ശാപം ഏൽക്കാതിരിക്കട്ടെയെന്നും സുരേഷ് ഗോപി കൂട്ടിച്ചേർത്തു. ബിജെപിയിൽ ചേർന്നത് തെറ്റായ തീരുമാനമായിരുന്നുവെന്നാണ് രാജിവച്ചതിന് പിന്നാലെ പത്മജ വേണുഗോപാൽ പ്രതികരിച്ചത്. ആ തെറ്റ് ഇപ്പോൾ തിരുത്തുകയാണെന്നും അവർ പറഞ്ഞു. പാർട്ടി നേതൃത്വത്തിന് രാജിക്കത്തും സമർപ്പിച്ചു. ബിജെപിയുടെ ആശയങ്ങൾ പഠിക്കാതെ എടുത്തുചാടുകയായിരുന്നു. തൻറെ തീരുമാനം ആദ്യം അറിയിച്ചത് കെ. മുരളീധരനെയാണെന്നും പദവി കിട്ടാത്തതിനാലല്ല രാജിയെന്നും പത്മജ പറഞ്ഞു. ബിജെപി വാഗ്ദാനമൊന്നും നൽകിയിരുന്നില്ലെന്നും പത്മജ കൂട്ടിച്ചേർത്തു.

ജനവാസമേഖലയിൽ കാട്ടാനക്കൂട്ടം; എംഎൽഎയ്ക്ക് നേരെ നാട്ടുകാരുടെ പ്രതിഷേധം

പത്തനംതിട്ട: വടശേരിക്കര ടൗണിന് സമീപം ജനവാസമേഖലയിൽ കാട്ടാനക്കൂട്ടമിറങ്ങി. വ്യാഴാഴ്ച രാവിലെയാണ് കാട്ടാനകൾ ജനവാസമേഖലയിൽ എത്തിയത്. ജനവാസമേഖലയോട് ചേർന്ന് കാട്ടാനകളിറങ്ങിയത് പ്രദേശവാസികളെ ആശങ്കയിലാഴ്ത്തി.

സംഭവമറിഞ്ഞ് സ്ഥലത്തെത്തിയ പഴകുളം മധു എംഎൽഎയ്ക്ക് നേരെ നാട്ടുകാർ പ്രതിഷേധിച്ചു. വന്യമൃഗശല്യം രൂക്ഷമായിട്ടും ഫലപ്രദമായ നടപടികളുണ്ടാകുന്നില്ലെന്ന് നാട്ടുകാർ പറഞ്ഞു.

സംഭവത്തെ തുടർന്ന് വനംവകുപ്പ് ഉദ്യോഗസ്ഥരും പൊലീസും സ്ഥലത്ത് ക്യാമ്പ് ചെയ്യുന്നുണ്ട്. കാട്ടാനകളെ ജനവാസമേഖലയിൽനിന്ന് തുരത്തുന്നതിനും ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ തുടരുകയാണ്.

ബിജെപിയിൽ പോയപ്പോൾ കരയിൽ പിടിച്ചിട്ട മീനിൻറെ അവസ്ഥ: പദ്മജ

തൃശൂർ: ബിജെപിയിൽ പോകാനുള്ള തീരുമാനം തെറ്റായിരുന്നെന്ന് പദ്മജ വേണുഗോപാൽ. ബിജെപിയിൽനിന്നു രാജിവച്ച ശേഷം മാധ്യമങ്ങളോടു പ്രതികരിക്കുകയായിരുന്നു അവർ. തൻറെ ആശയങ്ങളും ബിജെപിയുടെ ആശയങ്ങളും തമ്മിൽ ഒരു തരത്തിലും പൊരുത്തപ്പെടില്ല.

ബിജെപിയിൽ പോകാനുള്ള തീരുമാനം തികച്ചും തെറ്റായിരുന്നു. കെ. കരുണാകരൻറെ മകൾ ആണെന്നുള്ള ബോധ്യം അപ്പോൾ വേണ്ടതായിരുന്നു. പലരും പതിനെട്ട് വയസാകുമ്പോൾ കോൺഗ്രസിൽ ചേരുന്നവരാണ്. എന്നാൽ, ഞാനും ഏട്ടനുമൊക്കെ ജനിച്ചുവീണത് കോൺഗ്രസിലേക്കാണ്. ചെറുപ്പം മുതൽ കാണുന്നതു കോൺഗ്രസുകാരെയാണ്. തെറ്റു പറ്റിയാൽ ഹിമാലയത്തിൽ കയറിനിന്നു വിളിച്ചുപറയണമെന്ന് അച്ഛൻ പഠിപ്പിച്ചിട്ടുണ്ട്. അതുകൊണ്ടാണ് പറയുന്നത് ബിജെപിയിൽ പോയത് തെറ്റായ തീരുമാനമായിരുന്നു.

സ്ഥാനമാനങ്ങൾക്കു വേണ്ടിയാണ് ബിജെപിയിലേക്കു പോയതെന്ന ആരോപണങ്ങളെയും അവർ തള്ളിക്കളഞ്ഞു. ബിജെപിയിലേക്കു പോകുമ്പോൾ ഏതെങ്കിലും സ്ഥാനം വേണമെന്ന നിബന്ധന വച്ചല്ല പോയത്.

അവർ ഗവർണറാക്കാമെന്നോ പദവി നൽകാമെന്നോ ഉള്ള വാഗ്ദാനവും നൽകിയിട്ടില്ല. കോൺഗ്രസിലെ ചിലരുടെ നടപടികൾ മൂലം മനസ് വിഷമിച്ച ഘട്ടത്തിൽ എടുത്ത ഒരു തീരുമാനം മാത്രമായിരുന്നു അത്. ബിജെപിയുടെ ഐഡിയോളജിയെക്കുറിച്ചു കാര്യമായി പഠിക്കാതെയോ മനസിലാക്കാതെയോ ആണ് അവിടേക്കു പോയത്.

യുഡിഎഫ് ആണ് അധികാരത്തിൽ വരുന്നതെന്ന് നേരത്തെ മനസിലായിരുന്നു. എന്തെങ്കിലും സ്ഥാനമാനത്തിനു വേണ്ടി തിരികെ വരാനാണെങ്കിൽ തെരഞ്ഞെടുപ്പിനു മുന്നേ വരാമായിരുന്നു. ഇതിപ്പോൾ എല്ലാവരും സ്ഥാനമാനങ്ങളൊക്കെ പങ്കിട്ടെടുത്തു കഴിഞ്ഞപ്പോൾ തിരികെ വരുന്നതിന് കഥകളുണ്ടാക്കരുത്.

അച്ഛൻറെ ഓർമകൾ നിലനിർത്താൻ എന്തു ചെയ്യാൻ പറ്റുമെന്ന് ആലോചിക്കുന്നുണ്ട്. പിന്നെ എന്തൊക്കെ പറഞ്ഞാലും താൻ എല്ലാവരെയുംകാൾ വലിയ കോൺഗ്രസുകാരിയാണെന്നും അവർ കൂട്ടിച്ചേർത്തു.

കോൺഗ്രസിൽ ആരോടും തിരിച്ചുവരവിനെക്കുറിച്ച് ചർച്ച ചെയ്തിട്ടില്ല. കെ. മുരളീധരനോടു മാത്രമാണ് തിരികെ വരുന്ന കാര്യം പറഞ്ഞത്. അത് ഏട്ടൻ എന്ന നിലയ്ക്കാണ് പറഞ്ഞത്. നിനക്ക് സന്തോഷവും സമാധാനവും തരുന്ന തീരുമാനം എന്തായാലും എടുക്കാൻ അദ്ദേഹം പറഞ്ഞു.

ഒരു മീനിനെ പിടിച്ചിട്ട് കരയിലിട്ട മാതിരിയായിരുന്നു ബിജെപിയിൽ തൻറെ അവസ്ഥ. ആ പിടച്ചിൽ അവസാനിപ്പിക്കാനാണ് ഈ തീരുമാനം. ബിജെപി രാജീവ് ചന്ദ്രശേഖർ വളരെ മാന്യനായ ഒരു വ്യക്തിയാണ്. അദ്ദേഹം നന്നായിത്തന്നെയാണ് ഇടപെട്ടത്. അദ്ദേഹത്തപ്പോലൊരാൾക്ക് പറ്റിയ ഒരു സ്ഥാനത്താണോ ഇരിക്കുന്നതെന്ന് സംശയമുണ്ട്. ബിജെപി വിട്ടതോടെ മുരളിയേട്ടനെ തിരിച്ചുകിട്ടിയതിൽ വളരെ സന്തോഷമുണ്ടെന്നും അവർ കൂട്ടിച്ചേർത്തു.

കാറും ലോറിയും കൂട്ടിയിടിച്ച് നാല് മരണം; ഒരാൾക്ക് പരിക്ക്

ബംഗളൂരു: കർണാടകയിലെ ചിക്കബെല്ലാപുരിൽ കാറും ലോറിയും കൂട്ടിയിടിച്ച് നാലുപേർ മരിച്ചു, ഒരാൾക്ക് പരിക്കേറ്റു. ബംഗളൂരുവിൽ നിന്ന് ഹൈദരാബാദിലേക്ക് പോവുകയായിരുന്ന കാറാണ് അപകടത്തിൽപ്പെട്ടത്. കാറിലുണ്ടായിരുന്ന അഞ്ച് പേരും ബംഗളൂരു ഓൾഡ് യെലഹങ്ക സ്വദേശികളാണ്.

മുന്നിലുണ്ടായിരുന്ന വാഹനത്തെ മറികടക്കാൻ ശ്രമിക്കുന്നതിനിടെ കാർ ഡ്രൈവർക്ക് നിയന്ത്രണം നഷ്ടപ്പെടുകയും ഡിവൈഡർ കടന്ന് എതിർദിശയിൽ വന്ന ചരക്കുകയറ്റി വന്ന ലോറിയിൽ ഇടിക്കുകയുമായിരുന്നു എന്നാണ് പ്രാഥമിക അന്വേഷണത്തിൽ പൊലിസ് കണ്ടെത്തിയത്. മൂന്ന് പേർ സംഭവസ്ഥലത്ത് വച്ചും ഒരാൾ ചികിത്സയിലിരിക്കെയുമാണ് മരിച്ചത്. സംഭവത്തിൽ പൊലിസ് മേൽനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

താത്ക്കാലിക ഒഴിവ്

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ഇൻറ്റലക്ചൽ പ്രോപ്പർട്ടി റൈറ്റ്സ് ഇൻഫർമേഷൻ സെൻറിലേക്ക് പ്രൊജക്ട് സയൻറിസ്റ്റ്, പ്രൊജക്ട് അസോസിയേറ്റ് എന്നീ താത്ക്കാലിക തസ്തികകളിലേക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി നവംബർ 30 വൈകിട്ട് അഞ്ച്. വിവരങ്ങൾക്ക് : www.kscste.kerala.gov.in.

'ഗൂഢാലോചന പൊളിഞ്ഞു; ലീഗ് മാപ്പ് പറയണമെന്ന് പി. ജയരാജൻ

കൊച്ചി: അരിയിൽ ഷുക്കൂർ വധക്കേസിൽ കോടതി വേറുതേ വിട്ടതിന് പിന്നാലെ പ്രതികരണവുമായി സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം പി. ജയരാജൻ. കേസിൽ തങ്ങളെ പ്രതികളാക്കിയതിനു പിന്നിൽ ലീഗും കോൺഗ്രസും പിന്നീട് ബിജെപിയിൽ ചേർന്ന ഒരു ഐപിഎസ് ഓഫിസറും ചേർന്ന് നടത്തിയ ഗൂഢാലോചനയാണെന്ന് ജയരാജൻ പ്രതികരിച്ചു.

2012 ഫെബ്രുവരി 19 മുതൽ പട്ടുവം പഞ്ചായത്തിലെ അരിയിൽ പ്രദേശത്ത് ലീഗ് ഗുണ്ടകളുടെ അക്രമങ്ങൾ തുടർച്ചയായി നടന്നിരുന്നു. വായനശാലകളും ക്ലബ്ബുകളും സിപിഎം പ്രവർത്തകരുടെ വീടുകളും ആക്രമിക്കപ്പെട്ടു. സിപിഎം ഓഫിസ് പച്ച പെയിൻറടിച്ച് വികൃതമാക്കി. അന്നത്തെ എംഎൽഎ ടി. വി. രാജേഷിനും സിപിഎം നേതാക്കൾക്കും മാധ്യമപ്രവർത്തകർക്കുമൊപ്പം അരിയിലിൽ എത്തിയപ്പോൾ ലീഗ് ഓഫിസിനും പള്ളിക്കും സമീപത്തുവച്ച് തങ്ങളുടെ വാഹനം ആക്രമിക്കപ്പെട്ടെന്നും അദ്ദേഹം പറഞ്ഞു.

സംഭവത്തിൽ തനിക്കും ചില മാധ്യമ പ്രവർത്തകർക്കും പരുക്കേറ്റു. തുടർന്ന് തളിപ്പറമ്പ് പൊലീസ് സ്റ്റേഷനിലെത്തിയ ശേഷം ആശുപത്രിയിൽ ചികിത്സയിൽ കഴിയവേയാണ് കണ്ണപുരം സ്റ്റേഷൻ പരിധിയിൽ കേസിനാസ്പദമായ സംഭവമുണ്ടായത്. അന്ന് കേരളം ഭരിച്ചിരുന്ന കോൺഗ്രസിൻറെയും ലീഗിൻറെയും സമ്മർദത്തിനു വഴങ്ങി പൊലീസിനെ പാവകളിപ്പിക്കുകയായിരുന്നു. തളിപ്പറമ്പിലെ വിദ്യാഭ്യാസ സ്ഥാപനത്തിലെ രണ്ട് താൽക്കാലിക ജീവനക്കാരെ സാക്ഷികളാക്കി വ്യാജ മൊഴി ഉണ്ടാക്കി. ഗൾഫിൽനിന്നെത്തിയ സാക്ഷി കോടതിയിൽ കള്ളസാക്ഷി പറയാൻ തയാറായില്ലെന്നും ജയരാജൻ അവകാശപ്പെട്ടു.

ഈ ഗൂഢാലോചന സിദ്ധാന്തമാണ് ഇപ്പോൾ പൊളിഞ്ഞുവീണതെന്നും ലീഗ് നേതൃത്വം ജനങ്ങളോടു മാപ്പ് പറയണമെന്നും ജയരാജൻ ആവശ്യപ്പെട്ടു.

ദന്താരോഗ്യമേഖലയിൽ നിർമിതബുദ്ധിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തണം : മന്ത്രി കെ മുരളീധരൻ

ഓറൽ മെഡിസിൻ ആൻഡ് റേഡിയോളജി വകുപ്പിന്റെ ദേശീയ കോൺഫറൻസിന് തുടക്കം

ദന്താരോഗ്യമേഖലയിൽ നിർമിതബുദ്ധിയുടെ (എഐ) സാധ്യതകൾ പ്രയോജനപ്പെടുത്തണമെന്ന് ആരോഗ്യമന്ത്രി കെ. മുരളീധരൻ. രോഗനിർണയത്തിലെ കൃത്യത, മെഡിക്കൽ ഇമേജുകളുടെ വിശകലനം, രോഗസാധ്യതകൾ നേരത്തെ തിരിച്ചറിയൽ, ചികിത്സാ ആസൂത്രണം എന്നിവയിൽ എ.ഐക്ക് വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിക്കും. ഡോക്ടറുടെ രോഗനിർണയ ശേഷിയെ സഹായിക്കാൻ എ.ഐക്ക് കഴിയുമെന്നും ഈ സാങ്കേതികവിദ്യയുടെ പ്രയോജനം നഗരങ്ങളിൽ മാത്രം ഒതുങ്ങാതെ ഗ്രാമീണ മേഖലയിലെ സാധാരണക്കാർക്കും ലഭ്യമാക്കണമെന്നും മന്ത്രി പറഞ്ഞു. തിരുവനന്തപുരം ഗവൺമെന്റ് ദന്തൽ കോളേജിന്റെ ഓറൽ മെഡിസിൻ ആൻഡ് റേഡിയോളജി വകുപ്പ് സംഘടിപ്പിക്കുന്ന നാലുദിവസത്തെ ദേശീയ കോൺഫറൻസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ആരോഗ്യസംരക്ഷണമെന്നത് ഹൃദ്രോഗം, പ്രമേഹം, അർബുദം തുടങ്ങിയ രോഗങ്ങളുടെ ചികിത്സയിൽ മാത്രം ഒതുങ്ങുന്നതല്ല. വായുടെയും പല്ലുകളുടെയും ആരോഗ്യത്തിനും തുല്യപ്രാധാന്യം നൽകണം. ദന്താരോഗ്യത്തെ കേവലം രോഗചികിത്സയുടെ പരിധിയിൽ നിർത്താതെ പ്രതിരോധ ആരോഗ്യ സംരക്ഷണത്തിന്റെ വിശാലമായ കാഴ്ചപ്പാടിലേക്ക് കൊണ്ടുവരണം. സർക്കാർ നടപ്പിലാക്കുന്ന ഹൃദയരാഗം രോഗപ്രതിരോധ പദ്ധതിയിൽ ദന്തഡോക്ടർമാരുടെ സേവനം കൂടി ഉപയോഗപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു.

വായുടെ ആരോഗ്യത്തിന് ഒരാളുടെ ശാരീരിക ആരോഗ്യം, പോഷണം, സംസാരശേഷി, ആത്മവിശ്വാസം, ജീവിതനിലവാരം എന്നിവയുമായി നേരിട്ട് ബന്ധമുണ്ട്. വായിൽ നിന്നുണ്ടാകുന്ന ദുർഗന്ധം വ്യക്തിയേക്കാൾ കൂടുതൽ മറ്റുള്ളവർക്കാണ് ബുദ്ധിമുട്ടുണ്ടാക്കുന്നത്. ഇതിന് ശാശ്വത പരിഹാരം കാണാനുള്ള പരീക്ഷണങ്ങളും ഗവേഷണങ്ങളും ഇനിയും കൂടുതൽ നടക്കേണ്ടതുണ്ട്. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ചികിത്സാശൃംഖലകളിൽ ദന്താരോഗ്യത്തിന് അർഹമായ സ്ഥാനം നൽകണം. കേരളം ഉൾപ്പെടെയുള്ള ഇന്ത്യൻ സംസ്ഥാനങ്ങളിൽ വായിലെ അർബുദം വലിയ വെല്ലുവിളിയായി മാറുകയാണെന്നും മന്ത്രി വ്യക്തമാക്കി.

ഉദ്ഘാടന ചടങ്ങിൽ മെഡിക്കൽ എഡ്യുക്കേഷൻ ഡയറക്ടർ ഇൻ ചാർജ് ഡോ.ജബ്ബാർ പി കെ അധ്യക്ഷനായി. ഇന്ത്യൻ അക്കാദമി ഓഫ് ഓറൽ മെഡിസിൻ ആൻഡ് റേഡിയോളജി ഹോണററി ജനറൽ സെക്രട്ടറി ഡോ. അവിനാശ് തേജസ്വി എം എൽ, തിരുവനന്തപുരം ഗവൺമെന്റ് ഡെന്റൽ കോളേജ് പ്രിൻസിപ്പൽ ഡോ. കോശി ഫിലിപ്പ്, ആർ.സി.സി ഡയറക്ടർ ഡോ. രജനീഷ് കുമാർ, ഓർഗനൈസിംഗ് ചെയർമാൻ ഡോ. ശ്രീല എൽ എസ്, വാർഡ് കൗൺസലർ സിന്ധു തുടങ്ങിയവർ സന്നിഹിതരായി.

നവംബർ 22 വരെ തിരുവനന്തപുരത്ത് നടക്കുന്ന സമ്മേളനത്തിൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും വിദേശത്തുനിന്നുമായി എണ്ണൂറിലധികം പ്രതിനിധികൾ പങ്കെടുക്കുന്നുണ്ട്.



തിരുവനന്തപുരം ഗവൺമെന്റ് ദന്തൽ കോളേജിന്റെ ഓറൽ മെഡിസിൻ ആൻഡ് റേഡിയോളജി സംഘടിപ്പിക്കുന്ന ദേശീയ കോൺഫറൻസ് ആരോഗ്യ മന്ത്രി കെ മുരളീധരൻ ഉദ്ഘാടനം ചെയ്യുന്നു

14 വർഷംകൊണ്ട് വേവിച്ചെടുത്ത പെരുംനുണ പൊളിഞ്ഞു; ഷുക്കൂർ വധക്കേസ് വിധിയിൽ കെ. കെ. രാഗേഷ്

കണ്ണൂർ: അരിയിൽ ഷുക്കൂർ വധക്കേസിൽ കോടതി വിധി വന്നതോടെ 14 വർഷംകൊണ്ട് വേവിച്ചെടുത്ത പെരുംനുണ പൊളിഞ്ഞെന്ന് സി. പി. എം. കണ്ണൂർ ജില്ലാ സെക്രട്ടറി കെ. കെ. രാഗേഷ്. പാർട്ടി നേതാക്കളായ പി. ജയരാജനെയും ടി. വി. രാജേഷിനെയും വേട്ടയാടാനാണ് ഇക്കാലമത്രയും ശ്രമിച്ചതെന്ന് രാഗേഷ് പ്രതികരിച്ചു.

അക്രമ വാർത്തയറിഞ്ഞ് പ്രദേശം സന്ദർശിക്കാൻ പോയ പി. ജയരാജനെയും കൂട്ടരെയും ആക്രമിക്കുകയും തുടർന്ന് സഹകരണ ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന സമയത്ത് ഗൂഢാലോചന നടത്തിയെന്ന് വരുത്തിത്തീർക്കാൻ രണ്ട് കള്ള സാക്ഷികളെ ഉണ്ടാക്കുകയുമായിരുന്നു. ആർഎസ്എസ് ആക്രമണത്തിൽ ദേഹമാസകലം വെട്ടേറ്റ പി. ജയരാജനെയും ടി. വി. രാജേഷിനെയുംപോലെയുള്ള നേതാക്കളെ കേസിൽ കുടുക്കാൻ ഒരു ഘട്ടത്തിൽ കേസ് സിബിഐക്ക് വിട്ടു.

കേന്ദ്ര ഏജൻസികളെ ഉപയോഗിച്ച് പാർട്ടിയെ വേട്ടയാടാനുള്ള നീക്കംകൂടിയായിരുന്നു ഇത്. അതുകൂടിയാണ് കോടതി വിധിയോടെ പൊളിഞ്ഞുവീണതെന്നും രാഗേഷ് പറഞ്ഞു. ഗൂഢാലോചനാക്കേസിന് ഒരടിസ്ഥാനവുമില്ലെന്ന് കണ്ടെത്തിയതിനാലാണ് കോടതി ഇരുവരെയും കുറ്റവിമുക്തരാക്കിയത്. നാട്ടിൽ എത്രയോ കമ്യൂണിസ്റ്റുകാർ കൊല്ലപ്പെട്ടിട്ടുണ്ട്. അവരുടെയൊന്നും പേരുകൾപോലും ചർച്ചയാക്കാതെ ഈ കേസിനെമാത്രം ബോധപൂർവം സെൻസിറ്റീവാക്കി മാറ്റുകയാണുണ്ടായത്. അതിനായി പാർട്ടി കോടതി, ഗൂഢാലോചന എന്നിങ്ങനെ രണ്ട് പെരുംനുണകൾ കെട്ടിപ്പൊക്കി. അതാണിപ്പോൾ തകർന്നുവീണതെന്നും രാഗേഷ് കൂട്ടിച്ചേർത്തു.